ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും ഏതെങ്കിലും പൊലീസ് ഉദ്യോഗസ്ഥന്റെ മേൽ ചുമത്തപ്പെട്ടിരിക്കുന്ന വല്ല കുറ്റത്തിനും ക്രിമിനലായി വിസ്തരിക്കപ്പെടുന്നതിനു അയാൾക്കുള്ള ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

പൊലീസ് സൈന്യത്തിൽ ചേക്കപ്പെടുന്നവർക്കു പിടിപാടു കൊടുക്കുന്നതു.

൮. അങ്ങിനെ നിയമിക്കപ്പെടുന്ന ഓരോ പൊലീസ് ഉദ്യോഗസ്ഥനും പൊലീസ് സൈന്യത്തിൽ ചേക്കപ്പെട്ടിട്ടുള്ളപ്പോൾ പൊലീസ് കമ്മീഷണരുടെയോ ഗവൺമെന്റ നിയമിക്കാവുന്ന മറ്റു ഉദ്യോഗസ്ഥന്റെയോ മുദ്രയുള്ള ഒരു സർട്ടിഫിക്കേറ്റ കിട്ടുന്നതും ആ സർട്ടിഫിക്കേറ്റിനാൽ അയാൾക്കു ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ അധികാരങ്ങളും ജോലികളും സ്വാതന്ത്ര്യങ്ങളും സിദ്ധിക്കുന്നതും ആകുന്നു.

ആ സർട്ടിഫിക്കേറ്റിൽ പേരു പറഞ്ഞിരിക്കുന്ന ആൾ വല്ല കാരണത്താലും ഒരു പൊലീസ് ഉദ്യോഗസ്ഥനായിരിക്കുന്നതു നിന്നുപോകുമ്പോൾ ആ സർട്ടിഫിക്കേറ്റു തന്നെ ഉപയോഗമില്ലാതെ തീരുന്നതാകുന്നു.

ഉദ്യോഗത്തിൽ നിന്നു സസ്പെൻഡു ചെയ്യപ്പെട്ടതുകൊണ്ടു ഒരു പൊലീസ് ഉദ്യോഗസ്ഥൻ ഒരു പൊലീസ് ഉദ്യോഗസ്ഥനായിരിക്കുന്നതു നിന്നുപോകയില്ല. അപ്രകാരം സസ്പെണ്ടു ചെയ്തിരിക്കുന്ന കാലത്തു ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ നിലയിൽ ആയാളിൽ സ്ഥാപിതമായിട്ടുള്ള അധികാരങ്ങളും കൃത്യങ്ങളും സ്വാതന്ത്ര്യങ്ങളും തൽക്കാലം നിൎത്തലിൽ ഇരിക്കുന്നതാകുന്നു. എന്നാൽ അയാൾ സസ്പെണ്ടു ചെയ്യപ്പെടാതിരുന്നാൽ എന്നപോലെ അതേ ചുമതലകൾക്കും അച്ചടക്കത്തിനും ശിക്ഷകൾക്കും അതേ അധികാരസ്ഥന്മാൎക്കും ഉൾപ്പെട്ട് ഇരിക്കുന്നതാകുന്നു.

കക്ഷികളുടെ ചിലവിന്മേൽ കൂടുതലായ പൊലീസ് സൈന്യം ഏൎപ്പെടുത്തുന്നതിനെപ്പറ്റി.

൯. ആരെങ്കിലും തിരുവിതാംകോട്ടുകളിൽ ഏതെങ്കിലും സ്ഥലത്തു സമാധാനരക്ഷക്കുവേണ്ടി കൂടുതലായി പൊലീസ് ഉദ്യോഗസ്ഥന്മാർ ആവശ്യമാണു എന്നതിനുള്ള ആവശ്യങ്ങളെ കാണിച്ചു അപേക്ഷിച്ചാൽ, പൊലീസ് കമ്മീഷണൎക്കു യുക്തമെന്നു തോന്നുന്ന പക്ഷം, കൂടുതലായി ഏതാനും പൊലീസ് ഉദ്യോഗസ്ഥന്മാരെ അവിടെ യുക്തമെന്നു തോന്നുന്ന കാലത്തേക്കു നിയമിച്ചു ആ സ്ഥലത്തു തങ്ങുന്നതു കമ്മീഷണൎക്കു നിയമാനുസൃതമായിരിക്കയും ചെയ്യും.

അപ്രകാരമുള്ള സൈന്യം ഡിസ്ത്രിക്ട് സൂപ്രണ്ടിന്റെ വശത്തിൽ ഇരിക്കുന്നതും അപേക്ഷ ചെയ്യുന്ന ആളിന്റെ ചിലവിൽ ഇരിക്കുന്നതും ആകുന്നു.

എന്നാൽ ആരുടെ അപേക്ഷയിന്മേൽ കൂടുതലായി പൊലീസ് ഉദ്യോഗസ്ഥന്മാരെ അയക്കുന്നതിനിടയായെയൊ, അയാൾ അങ്ങിനെ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരെ പിൻവലിക്കണം എന്നു കമ്മീഷണരുടെ അടുക്കൽ മുപ്പതു ദിവസത്തെ അവധി വച്ചു മുമ്പിൽ കൂട്ടി എഴുതി അറിയിക്കുന്നതു അയാൾക്കു നിയമാനുസൃതമായിരിക്കുന്നതും; മേൽപ്രകാരം കൂടുതലായി അയക്കപ്പെട്ട പൊലീസ് ഉദ്യോഗസ്ഥന്മാരുടെ ചിലവു, ആ അവധി കഴിയുന്ന നാൾ മുതൽ അയാളുടെ കൊടുപ്പിക്കുന്നതല്ലാത്തതും ആകുന്നു.

ആഘോഷങ്ങളും മറ്റു വേലകളും നടത്തിക്കുന്ന ദിക്കിൽ കൂടുതലായി പൊലീസ് സൈന്യം ഏൎപ്പെടുത്തുന്നതിനെപ്പറ്റി.

൧൦. ആഘോഷങ്ങളുമായോ, മേളമോ മറ്റേതെങ്കിലും പൊതുപ്പണിയോ, വല്ല തൊഴിൽശാലയോ മറ്റുവല്ല പ്രവൃത്തിയോ, ഈ രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തിൽ ഏൎപ്പെടുത്തുകയോ നടത്തപ്പെടുകയോ നടന്നുവരികയോ ചെയ്യുന്ന സമയം ആ പണിയിലോ തൊഴിൽശാലയിലോ പ്രവൃത്തിയിലോ നിയമിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ നടത്തക്കാരെയോ, അവരുടെ നടത്തയെക്കുറിച്ചു ന്യായമായുള്ള ശങ്കയാലോ, ആ ദിക്കിന്റെ സമീപത്തിൽ ഒരു സ്ഥലത്തു കൂടുതലായി പൊലീസ് സൈന്യം നിയമിക്കുന്നതു ആവശ്യമെന്നു കമ്മീഷണൎക്കു തോന്നുമ്പോൾ, ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി, കൂടുതലായ സൈന്യത്തെ ഏൎപ്പെടുത്തി ആ ആവശ്യകതയുണ്ടായിരിക്കുന്ന കാലം വരെയും പാൎപ്പിക്കുന്നതും, അങ്ങിനെ ആവശ്യമായിവന്നിട്ടുള്ള വിശേഷാൽ സൈന്യത്തിന്റെ ശമ്പളം കൊടുക്കുന്നതിനായി മേൽപ്പറഞ്ഞ പണിയോ തൊഴിൽശാലയോ പ്രവൃത്തിയോ നടത്തുന്നതിൽ ഉപയോഗിക്കപ്പെടുന്ന മുതലിന്റെ മേൽ വിചാരിപ്പു ഉള്ള ഉദ്യോഗസ്ഥനോ ഉടമസ്ഥനോ പണം കൊടുക്കുന്നതു കമ്മീഷണൎക്കു നിയമാനുസൃതമായിരിക്കുന്നതും ആ ആൾ തുകയിന്മേൽ അനുസരിച്ചു പണം കൊടുക്കേണ്ടതും ആകുന്നു.

കേഷമുള്ള ഡിസ്ത്രിക്ടുകളിൽ കൂടുതൽ പൊലീസിനെ സ്ഥാപിക്കുക.

൧൧. (൧) നമ്മുടെ സംസ്ഥാനത്തിനകത്തുള്ള വല്ല പ്രദേശവും ക്ഷോഭപ്പെട്ട സ്ഥിതിയിൽ ഇരിക്കുന്നതായി കാണപ്പെട്ടിട്ടുണ്ടു എന്നാകട്ടെ, ആ പ്രദേശത്തിലുള്ള നിവാസികളുടെയോ ആ നിവാസികളിൽ വല്ല വകുപ്പിന്റെയോ വൎഗ്ഗത്തിന്റെയോ നടത്ത നിമിത്തം ആ പ്രദേശത്തിൽ പൊലീസിന്റെ എണ്ണത്തെ കൂട്ടുന്നതു യുക്തമെന്നാകട്ടെ നമ്മുടെ സൎക്കാർ ഗസററിൽ പരസ്യം മൂലം നമ്മുടെ ഗവൺമെണ്ടു പ്രസിദ്ധപ്പെടുത്തുന്നതു നിയമാനുസൃതമായിരിക്കുന്നതാകുന്നു.

(൨) അതിന്മേൽ, പൊലീസ് കമ്മീഷണർ മുതലായ്ത്തെ നമ്മുടെ ഗവൺമെന്റു ഇതിലേക്കായി അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥൻ ആകട്ടെ മേൽപറഞ്ഞതുപോലെ ഉള്ള പരസ്യത്തിൽ വിവരിച്ചിരിക്കുന്ന പ്രദേശത്തിനകത്തു സ്ഥാപിക്കയോ, അവിടേക്കു സാധാരണമായി നിയമിച്ചിട്ടുള്ള എണ്ണം പൊലീസിനെക്കാൾ കൂടുതലായി വല്ല പൊലീസ് സൈന്യത്തെയോ നമ്മുടെ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി, നിയമിക്കുന്നതു നിയമാനുസരണമായിരിക്കുന്നതാകുന്നു.

(൩) ഈ വകുപ്പിലെ (൧)-ാം ഉപവകുപ്പിലെ വ്യവസ്ഥപ്രകാരം ഉണ്ടാകുന്ന, അതിനാലുണ്ടായ കൂടുതലായ പൊലീസ് സൈന്യത്തിന്റെ ചിലവിനെ ആ പരസ്യത്തിൽ വിവരിച്ചിരിക്കുന്ന പ്രദേശത്തിലുള്ള നിവാസികൾ വഹിക്കേണ്ടതാകുന്നു.

(ഡി) അധികാരമുള്ള ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ട് താൻ ആവശ്യമെന്നു വിചാരിക്കാവുന്ന വിചാരണ നടത്തിയതിന്റെ ശേഷം മുൻ പറഞ്ഞപ്രകാരം ചെലവിനെ വഹിക്കാൻ ബാദ്ധ്യപ്പെട്ടവരും ഈ നിയമത്തിലെ ഉപവകുപ്പനുസരിച്ച് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തവരും ആയ നിവാസികളുടെ ഇടയിൽ ആ ചെലവിനെ വിഭജിക്കേണ്ടതാകുന്നു. അങ്ങിനെയുള്ള വിഭജനം ആ നിവാസികൾക്കു ആ പ്രദേശത്തിനകത്തുള്ള കഴിവു അനുസരിച്ച് മജിസ്ത്രേട്ടിന്റെ യുക്തംപോലെ ചെയ്യപ്പെടേണ്ടതാകുന്നു.

(ഇ) ആ ചിലവിന്റെ വല്ല ഓഹരിയും കൊടുക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്ന് ആ വക നിവാസികളിൽ വല്ല ആളുകളെയോ വല്ല വകുപ്പിനെയോ വർഗ്ഗത്തെയോ നമ്മുടെ ഗവർമ്മെന്റു ഉത്തരവിനാൽ ഒഴിവാക്കുന്നതിന് നിയമാനുസൃതമായിരിക്കുന്നതാകുന്നു. അങ്ങിനെയുള്ള എല്ലാ ഉത്തരവുകളും അവസാന തീർച്ചയായിരിക്കയും ചെയ്യും.

(എഫ്) ഈ വകുപ്പിലെ (൧)-ാം ഉപവകുപ്പനുസരിച്ച് പ്രസിദ്ധപ്പെടുത്തുന്ന എല്ലാ പരസ്യവും അതു ഏതു കാലത്തേക്കു ഉദ്ദേശിക്കുന്നുവോ ആ കാലാവധിയെ വിവരിച്ചിരിക്കണം. എന്നാൽ നമ്മുടെ ഗവർമ്മെന്റു അതേ സംഗതിയിൽ ആവശ്യപ്പെടുന്നതു പോരെന്നു വിചാരിക്കാവുന്നതുപോലെ, വല്ല കാലത്തും അതിനെ പിൻവലിക്കയോ ഭേദപ്പെടുത്തിയോ വല്ല കാലത്തേക്കോ കാര്യങ്ങളിലേക്കോ കൂടുതൽ കാലം ഉള്ളതായി വല്ലതും ചെയ്തിരിക്കയോ ചെയ്യാവുന്നതാകുന്നു. നമ്മുടെ ഗവർമ്മെന്റു പ്രസിദ്ധപ്പെടുത്തുന്ന അപ്രകാരമുള്ള എല്ലാ പരസ്യങ്ങളും അവസാന തീർച്ചയായിരിക്കുന്നതാകുന്നു.

(ജി) ഈ വകുപ്പിലെ (ഡി)-ാം ഉപവകുപ്പനുസരിച്ച് ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ട് ചെയ്യുന്ന എല്ലാ ഉത്തരവും നമ്മുടെ ഗവർമ്മെന്റിന്റെ പരിശോധനക്കു ഉൾപ്പെട്ടിരിക്കുന്നതും എന്നാൽ മുൻപറഞ്ഞ വിധത്തിൽ ഒഴികെ അതു അവസാന തീർച്ചയായിരിക്കുന്നതും ആകുന്നു.

വിവരണം:- ഈ വകുപ്പിലെ കാര്യങ്ങൾക്കായി "നിവാസികൾ" എന്നതിൽ തങ്ങൾ തന്നെയോ തങ്ങളുടെ ഏജന്റുകൾ മുഖാന്തരമോ ആ പ്രദേശത്തിനകത്തു ഭൂമികളെയോ മറ്റു വല്ല സ്ഥാവരവസ്തുവോ അനുഭവിക്കയോ ധരിക്കയോ കൈവശപ്പെടുത്തുകയോ, വല്ല തൊഴിലോ, നടത്തുകയോ ചെയ്യുന്ന ആളുകളും തങ്ങൾ തന്നെയോ തങ്ങളുടെ ഏജന്റുകളോ ഭൃത്യന്മാരോ മുഖേനയോ ആ പ്രദേശത്തിനകത്തുള്ള കുടിയാന്മാരിലോ അന്യരിലോ നിന്നു വരുന്ന പാട്ടങ്ങൾ പിരിക്കുന്ന ഭൂമി ഉടമസ്ഥന്മാരും—അവർ ആ പ്രദേശത്തിനകത്തു വാസ്തവത്തിൽ വസിക്കുന്നില്ലാ എന്നുവരികിലും—ഉൾപ്പെടുന്നതാകുന്നു.

൫൨. (൧) ഒടുവിൽ കഴിഞ്ഞ വകുപ്പു അനുസരിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ള വല്ല പരസ്യവും ഊർജ്ജിതത്തിൽ ഇരിക്കുന്ന വല്ല പ്രദേശത്തിനകത്തും ആ പ്രദേശത്തിലെ നിവാസികളുടേയോ അവരിൽ വല്ല വർഗ്ഗത്തിന്റേയോ വകുപ്പിന്റേയോ നടത്തക്കേടിനാൽ മരണമോ കഠിനമായ ദേഹോപദ്രവമോ മുതലിനു നാശമോ ചേതമോ ജനിപ്പിക്കപ്പെട്ടെന്നോ ഉണ്ടായെന്നോ തെളിയുന്നതാൽ ആ പ്രദേശത്തിലെ വല്ല നിവാസിയായിരിക്കയും ആ വിധം നടത്തക്കേടിൽ നിന്നു ഉപദ്രവം അനുഭവിച്ചിട്ടുള്ളതായി അവകാശപ്പെടുകയും ചെയ്യുന്ന വല്ല ആളും ആ ഉപദ്രവത്തിന്റെ തീയതിമുതൽ ഒരു മാസത്തിനകത്തോ ഇതിലേക്കായി നമ്മുടെ ഗവർമ്മെന്റു നിശ്ചയിക്കാവുന്ന അതിൽ കുറഞ്ഞ കാലാവധിക്കകത്തോ പ്രതിഫലത്തിനായി ആ പ്രദേശത്തിൽ അധികാരമുള്ള ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ടിനോടു അപേക്ഷിക്കുന്നതു നിയമാനുസൃതമായിരിക്കയും ചെയ്യും.

നിവാസികളുടെ നടത്തക്കേടിൽ നിന്നു കഷ്ടമനുഭവിക്കുന്നവർക്കു പ്രതിഫലം.

(൨) ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ട് നമ്മുടെ ഗവർമ്മെന്റിന്റെ അനുവാദത്തോടുകൂടിയും ആവശ്യമെന്നു തോന്നാവുന്ന അന്വേഷണം നടത്തിയതിൽ പിന്നീടും, മുൻ കഴിഞ്ഞ വകുപ്പനുസരിച്ചു ആ പ്രദേശത്തിനകത്തു അധികമായി വല്ല പോലീസ് സൈന്യത്തേയും സ്ഥാപിച്ചിരുന്നാലും ഇല്ലെങ്കിലും,

(എ) ആ നടത്തക്കേടിൽ നിന്നു ഉപദ്രവം ജനിപ്പിക്കപ്പെട്ടിരിക്കയോ ഉപദ്രവം ഉണ്ടായിരിക്കയോ ചെയ്തിട്ടുള്ള ആളുകൾ ആരെല്ലാമെന്നു പ്രസിദ്ധപ്പെടുത്തുകയും,

(ബി) ആ വിധം ആളുകൾക്കു കൊടുക്കേണ്ട പ്രതിഫലത്തുകയേയും അതിനെ അവർക്കു വീതിച്ചുകൊടുക്കേണ്ട വിധത്തേയും നിശ്ചയിക്കുകയും,

(സി) അപേക്ഷക്കാരൻ അല്ലാതെ ആ പ്രദേശത്തിലെ നിവാസികളിൽ ഏതിനെല്ലാം കീഴ്‌വരുന്ന ഉപവകുപ്പനുസരിച്ചു പ്രതിഫലം കൊടുക്കേണ്ട ബാദ്ധ്യതയിൽ നിന്നു ഒഴിവാക്കപ്പെട്ടിട്ടില്ലാത്തവരായ നിവാസികളാൽ ആ പ്രതിഫലം ഏതെതു വീതത്തിൽ കൊടുക്കപ്പെടണം എന്നു വരിയിടുകയും,

ചെയ്യുന്നതു നിയമാനുസൃതമായിരിക്കയും ചെയ്യും.

എന്നാൽ മുൻപറഞ്ഞ വിധമുള്ള ഉപദ്രവം ആ പ്രദേശത്തിനകത്തു ഒരു ലഹളയിലോ ന്യായവിരോധമായ സംഘത്തിലോ നിന്നു ജനിച്ചതാണെന്നും ഉപദ്രവം അനുഭവിച്ച ആൾ ആ ഉപദ്രവത്തിനു ഹേതുവായ സംഭവങ്ങളെ സംബന്ധിച്ചു കുറ്റക്കാരനാണെന്നും മജിസ്ത്രേട്ടിനു അഭിപ്രായമാകാത്തപക്ഷം, മജിസ്ത്രേട്ട് ഈ ഉപവകുപ്പനുസരിച്ചുള്ള വല്ല പ്രസിദ്ധപ്പെടുത്തലോ വരിയിടലോ നിശ്ചയിക്കലോ ചെയ്യുകൂടാത്തതാകുന്നു.

(൩) ആ വിധം പ്രതിഫലത്തിന്റെ വല്ല ഓഹരിയും കൊടുക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നും ആ നിവാസികളിൽ വല്ല ആളുകളെയോ വകുപ്പിനെയോ വർഗ്ഗത്തിനെയോ നമ്മുടെ ഗവർമ്മെന്റു ഉത്തരവിനാൽ ഒഴിവാക്കുന്നതു നിയമാനുസൃതമായിരിക്കുന്നതാകുന്നു. അങ്ങിനെയുള്ള എല്ലാ ഉത്തരവുകളും അവസാന തീർച്ചയായിരിക്കുന്നതും ആകുന്നു.

(൪) ഈ വകുപ്പിലെ (൨)-ാം ഉപവകുപ്പനുസരിച്ചു ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ട് ചെയ്യുന്ന എല്ലാ പ്രസിദ്ധപ്പെടുത്തലോ, വരി നിശ്ചയിക്കലോ, കൊടുക്കുന്ന ഉത്തരവോ നമ്മുടെ ഗവർമ്മെന്റിന്റെ പരിശോധനക്കു ഉൾപ്പെട്ടിരിക്കുന്നതും എന്നാൽ മുൻ പറഞ്ഞ വിധത്തിൽ ഒഴികെ അതു അവസാന തീർച്ചയായി ഇരിക്കുന്നതും ആകുന്നു.

(൫) ഈ വകുപ്പനുസരിച്ചു പ്രതിഫലം കൊടുക്കപ്പെട്ടിട്ടുള്ള വല്ല ഉപദ്രവത്തിന്റേയും വിഷയത്തിൽ [illegible] സിവിൽ വ്യവഹാരവും [illegible]തല്ലാത്തതാകുന്നു.

പൊതുവായ മുതലിന വന്നിട്ടുള്ള ചേതത്തിന പ്രതിഫലം കൊടുക്കൽ,

൧൬. (൧) ൧൫-ാം വകുപ്പു അനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വല്ല പരസ്യവും ഉത്തരവും ഇരിക്കുന്ന വല്ല പ്രദേശത്തിലും വല്ല പൊതുവായ മുതലിന്നൊ നമ്മുടെ ഗവണ്മെന്റ വകയായ മുതലിന്നൊ ചേതം ആ പരസ്യം, പ്രസിദ്ധപ്പെടുത്തിയതിനു മുമ്പെയൊ പിന്നിടൊ, ആ പ്രദേശത്തിലെ നിവാസികളുടെയൊ അവരിൽ വല്ല വകുപ്പിന്റെയൊ വർഗ്ഗത്തിന്റെയൊ നടത്തത്തെറ്റിനാൽ ജനിപ്പിക്കപ്പെട്ടിരിക്കയൊ ഉണ്ടായിരിക്കയൊ ചെയ്യുന്നതായാൽ ആ പ്രദേശത്തിന്മേൽ അധികാരമുള്ള ഡിസ്ത്രിക്ട് മജിസ്ത്രേട്, നമ്മുടെ ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടിയും, തനിക്ക ആവശ്യമെന്നു തോന്നാവുന്ന അന്വേഷണം നടത്തിയതിൽ പിന്നിട്ടും, ൧൫-ാം വകുപ്പു അനുസരിച്ചു ആ പ്രദേശത്തിനകത്തു കൂടുതലായി വല്ല പൊലീസ് സൈന്യത്തെയും സ്ഥാപിച്ചിരുന്നാലും ഇല്ലെങ്കിലും,

(എ) ആ നടത്തത്തെറ്റിനാൽ ജനിപ്പിക്കപ്പെട്ടിരിക്കുന്നതൊ ഉണ്ടായിരിക്കുന്നതൊ ആയ ചേതത്തെ പ്രസിദ്ധപ്പെടുത്തുകയും ആ ചേതത്തിന്റെ വിലയെ നിർണ്ണയിക്കുകയും;

(ബി) നമ്മുടെ ഗവണ്മെന്റിലേക്ക കൊടുക്കേണ്ട പ്രതിഫലത്തുകയെ നിശ്ചയിക്കുകയും;

(സി) ആ പ്രദേശത്തിലെ നിവാസികളിൽ ഇതിനടുത്തു കീഴ്‌വരുന്ന ഉപവകുപ്പു അനുസരിച്ചു പ്രതിഫലം കൊടുക്കേണ്ട ബാദ്ധ്യതയിൽ നിന്നു ഒഴിക്കപ്പെട്ടിട്ടില്ലാത്തവരാൽ ആ പ്രതിഫലം ഏതേതു വിതത്തിൽ കൊടുക്കപ്പെടണം എന്നു വരിയിടുകയും;

ചെയ്യേണ്ടതാകുന്നു

എന്നാൽ മുൻപറഞ്ഞപടിയുള്ള ചേതം ആ പ്രദേശത്തിനകത്തു ഒരു ലഹളയിലൊ ന്യായവിരോധമായ സംഘത്തിലൊ നിന്നു ജനിച്ചതാണെന്നു ആ മജിസ്ത്രേട്ടിനു അഭിപ്രായം ആകാത്തപക്ഷം ആ മജിസ്ത്രേട് ഈ ഉപവകുപ്പു അനുസരിച്ചുള്ള വല്ല പ്രസിദ്ധപ്പെടുത്തലൊ വിലനിശ്ചയിക്കലൊ ചെയ്യരുതാത്തതാകുന്നു,

(൨) അങ്ങനെയുള്ള പ്രതിഫലത്തിന്റെ വല്ല ഓഹരിയും കൊടുക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നു ആ നിവാസികളിൽ വല്ല ആളുകളേയൊ വകുപ്പിനേയൊ വർഗ്ഗത്തിനേയൊ നമ്മുടെ ഗവണ്മെന്റു ഉത്തരവിനാൽ ഒഴിക്കുന്നതു നിയമാനുസൃതമാകുന്നു, അങ്ങനെയുള്ള എല്ലാ ഉത്തരവുകളും അവസാനനിശ്ചയമായിരിക്കുന്നതുമാകുന്നു,

(൩) ഈ വകുപ്പിലെ (൧)-ാം ഉപവകുപ്പു അനുസരിച്ചു ഡിസ്ത്രിക്ട് മജിസ്ത്രേട് ചെയ്യുന്ന എല്ലാ പ്രസിദ്ധപ്പെടുത്തലൊ വിലനിശ്ചയിക്കലൊ കൊടുക്കുന്ന ഉത്തരവൊ നമ്മുടെ ഗവണ്മെന്റിന്റെ പരിശോധനക്ക ഉൾപ്പെട്ടിരിക്കുന്നതും എന്നാൽ മുൻപറഞ്ഞ വിധത്തിൽ ഒഴികെ അതു അവസാനനിശ്ചയമായിരിക്കുന്നതും ആകുന്നു,

(൪) ഈ വകുപ്പു അനുസരിച്ചു പ്രതിഫലം കൊടുക്കപ്പെട്ടിട്ടുള്ള വല്ല ചേതത്തിന്റെയും വിഷയത്തിൽ യാതൊരു സിവിൽ വ്യവഹാരവും നടത്തിക്കൂടാത്തതാകുന്നു,

വിവരണം—ഈ വകുപ്പിലും ഇതിനു മുൻകഴിഞ്ഞ ൧൫-ാം വകുപ്പിലും "നിവാസികൾ" എന്ന പദത്തിനു ൧൫-ാം വകുപ്പിൽ ഉള്ള അർത്ഥംതന്നെ ഉണ്ടായിരിക്കുന്നതാകുന്നു,

൧൫, ൧൬, ൧൭, ൧൮, ൧൯, ഈ വകുപ്പുകളനുസരിച്ചു കൊടുക്കേണ്ട പണങ്ങളെ ഈടാക്കുകയും ഈടാക്കിയതിനെ വിനിയോഗിക്കയും ചെയ്യുക

൧൮. (൧) ൧൫, ൧൬, ൧൭, ൧൯, ഈ വകുപ്പുകളനുസരിച്ചു ഈടാക്കേണ്ടതായ എല്ലാ പണങ്ങളെയും അധികാരം ഉള്ള വല്ല കോർട്ടിലും മുമ്പാകെ ...പ്പെട്ട ൧൦൮൬-ാമാണ്ടത്തെ ...-ാം റെഗുലേഷൻ ആയ ക്രിമിനൽ നടപടിനിയമം ...-ാം ...-ാം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വിധത്തിൽ ഒരു മജിസ്ത്രേട്ടിന്റെ വാറണ്ടുപ്രകാരം വിറ്റുകാരന്റെ സാമാനങ്ങളെ ... വിൽക്കുകയും ചെയ്തു ഈടാക്കേണ്ടതാകുന്നു.

(൨) ൧൫, ൧൬, ൧൭ ഈ വകുപ്പുകളനുസരിച്ചു ഒടുക്കുകയൊ ഈടാക്കുകയൊ ചെയ്തിട്ടുള്ള എല്ലാ പണങ്ങളെയും നമ്മുടെ ഗവണ്മെന്റിലേക്ക മുതൽ കൂട്ടേണ്ടതും നമ്മുടെ ഗവണ്മെന്റു കൊടുക്കുന്ന ഉത്തരവുകളെ അനുസരിച്ചു പൊലീസ് സൈന്യത്തിന്റെ സംരക്ഷണത്തിലേക്ക വിനിയോഗിക്കേണ്ടതും ആകുന്നു,

(൩) ൧൬-ാം വകുപ്പനുസരിച്ചു ഒടുക്കുകയൊ ഈടാക്കുകയൊ ചെയ്തിട്ടുള്ള എല്ലാ പണങ്ങളും ആ വകുപ്പനുസരിച്ചു അവയെ ആകെ എന്തു വിതത്തിൽ കൊടുക്കണമെന്നു ആ ...ആ ... ഡിസ്ത്രിക്ട് മജിസ്ത്രേട്ടു കല്പിക്കേണ്ടതാകുന്നു

(൪) ൧൭-ാം വകുപ്പു അനുസരിച്ചു ഒടുക്കുകയൊ ഈടാക്കുകയൊ ചെയ്തിട്ടുള്ള എല്ലാ പണങ്ങളെയും നമ്മുടെ ഗവണ്മെന്റിലേക്ക മുതൽ കൂട്ടേണ്ടതും ആ വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന ചേതത്തിന്റെ ... നമ്മുടെ ഗവണ്മെന്റു ആജ്ഞാപിക്കാവുന്ന മറ്റുവല്ല വിധത്തിലൊ വിനിയോഗിക്കേണ്ടതും ആകുന്നു,

വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥന്മാർ,

൧൯. ഏതെങ്കിലും ഒരു ലഹളയൊ അക്രമമൊ എവിടെ എങ്കിലും നടന്നിട്ടുണ്ടായിരിക്കയൊ നടക്കുന്നതായിരിക്കയൊ എന്നു ന്യായമായി സംശയിക്കാവുന്നതായിരിക്കയൊ ആ സ്ഥലത്തിലെ സമാധാനം രക്ഷിക്കുന്നതിനായി നിയമിച്ചിട്ടുള്ള സാധാരണ ഉദ്യോഗസ്ഥന്മാർ ആ സ്ഥലത്തിലെ നിവാസികളെ രക്ഷിപ്പാൻ മതിയാകുന്നതല്ലെന്നു കാണുകയും ചെയ്താൽ, ഒരു ഇൻസ്പെക്ടരുടെ സ്ഥാനത്തിനു കീഴല്ലാത്ത ഏതെങ്കിലും ഒരു പൊലീസ് ഉദ്യോഗസ്ഥൻ തനിക്ക ആവശ്യം എന്നു തോന്നുന്ന കാലത്തേക്കും ... ൧൮ വയസ്സു പ്രായം ഉള്ളവരായി ... അയൽപക്കത്തിലൊ സമീപത്തിൽ പാർക്കുന്ന മറ്റാളുകളേയൊ വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥന്മാരായിട്ടു സേവിക്കുന്നതിനു നിയമിക്കണം എന്നു ഏറ്റവും സമീപത്തിലുള്ള മജിസ്ത്രേട്ടിന്റെ അടുക്കൽ അപേക്ഷിക്കാവുന്നതും ആ പൊലീസ് ഉദ്യോഗസ്ഥന്റെ അപേക്ഷ ന്യായമായിരിക്കയും, അതിന്റെ വിപരീതത്തിനു കാരണം മജിസ്ത്രേട് കാണാത്തപക്ഷം, അതിന്നനുസരിച്ചു കൊടുക്കുന്നതു അയാളുടെ കടമയായിരിക്കയും ചെയ്യും,

വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ.

൧൬. അങ്ങിനെ നിയമിക്കപ്പെടുന്ന ഏതു വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥനും നിയമിതപത്രത്തിൽ ഒരു സർട്ടിഫിക്കേറ്റ് ലഭിക്കുന്നതും സാധാരണ പൊലീസ് ഉദ്യോഗസ്ഥന്മാർക്കുള്ള അധികാരങ്ങളും സംരക്ഷണങ്ങളും അനുഭവിക്കുന്നതും അയാൾ ഏതു ജില്ലാ പ്രദേശത്തേക്ക് അയക്കപ്പെടുന്നുവോ അവിടുത്തെ മേലധികാരികളുടെ ആജ്ഞയിലും നിയന്ത്രണത്തിലും നടക്കേണ്ടതുമാകുന്നു.

ജോലി ചെയ്യാൻ വിസമ്മതിച്ചാലുള്ള ശിക്ഷ.

൧൭. മേൽപ്പറഞ്ഞതിൻപ്രകാരം വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്ന യാതൊരാളെങ്കിലും മതിയായ സമാധാനം കൂടാതെ അങ്ങിനെ സേവിക്കുന്നതിനോ യാതൊരു ന്യായമായ ഉത്തരവിനെ അനുസരിക്കുന്നതിനോ വിസമ്മതിക്കുന്നതായാൽ മജിസ്ട്രേട്ടിന്റെ മുമ്പിൽ കുറ്റസ്ഥാപനം ചെയ്താൽ, അമ്പതു രൂപയിൽ കവിയാത്ത പിഴയ്ക്കോ ആറുമാസത്തിൽ കവിയാത്ത തടവിനോ, രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

അദ്ധ്യായം ൩.

പൊലീസ് സൈന്യത്തിന്റെ ക്രമീകരണവും ഭരണവും അച്ചടക്കവും.

൧൮. ഉദ്യോഗം രാജികൊടുക്കാനോ, തത്സംബന്ധമായ ജോലികളിൽനിന്ന് പിൻമാറിക്കൊള്ളുകയോ ചെയ്യുന്നതിന് കമ്മീഷണറുടെ അനുവാദം കിട്ടാൻ നമ്മുടെ ഗവൺമെന്റിനാൽ അധികാരപ്പെടുത്തപ്പെട്ട മറ്റു വല്ല ഉദ്യോഗസ്ഥന്റെയോ എഴുത്തുമൂലം സ്പഷ്ടമായി അനുവദിക്കപ്പെട്ടാലോ അല്ലെങ്കിൽ, ഒരു വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഒഴികെ, അങ്ങിനെ ചെയ്യണമെന്നുള്ള തന്റെ ഉദ്ദേശത്തെക്കുറിച്ച് രണ്ടുമാസത്തിനു മുമ്പിൽക്കൂട്ടി തന്റെ മേലധികാരിയുടെ അടുക്കൽ എഴുതി ബോധിപ്പിക്കാതെയോ ചെയ്യുന്നതല്ലാതെ യാതൊരു പൊലീസ് ഉദ്യോഗസ്ഥനും തന്റെ ഉദ്യോഗത്തെ രാജികൊടുക്കാനോ അതിൽനിന്നു പിൻമാറിക്കൊള്ളുകയോ ചെയ്യുന്നതിനു സ്വാതന്ത്ര്യം ഇല്ലാത്തതാകുന്നു,

അനുവാദത്തോടുകൂടിയോ മുന്നറിവുകൊടുത്തിട്ടോ അല്ലാതെ പൊലീസ് ഉദ്യോഗസ്ഥന്മാർ പണി ഒഴിഞ്ഞുകൂടാ.

എന്നാൽ ഇതിലേക്കുവേണ്ടി നമ്മുടെ ഗവൺമെന്റിനാൽ അധികാരപ്പെടുത്തപ്പെട്ട ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ ഏതെങ്കിലും വല്ല രോഗത്താലോ മാനസികമോ ശാരീരമോ ആയ അശക്തി ഹേതുവാലോ ആ പൊലീസ് ഉദ്യോഗസ്ഥൻ പൊലീസിലെ മേലും ജോലിനോക്കാൻ കൊള്ളരുതാത്തവനാണെന്നു സാക്ഷ്യപ്പെടുത്തുന്നതും ആയ ഒരു സർട്ടിഫിക്കേറ്റ് ഹാജരാക്കുന്നതായാൽ, രാജി കൊടുക്കാൻ വേണ്ട രേഖാമൂലമായ അനുവാദം അയാൾക്കു ഉടൻ കൊടുക്കേണ്ടതാകുന്നു,

വിവരണം—ഒരവധിയിൽ ഇരിക്കുന്ന ഒരു പൊലീസ് ഉദ്യോഗസ്ഥൻ ആ അവധി അവസാനിക്കുമ്പോൾ ജോലിക്കു ഹാജരാകാൻ ന്യായമായ കാരണംകൂടാതെ വിഴ്ചവരുത്തിയാൽ അയാളുടെ ഉദ്യോഗസംബന്ധമായ ജോലികളിൽനിന്നു, ഈ വകുപ്പിലെ അർത്ഥത്തിനുൾപ്പെട്ടു, പിൻവലിക്കുന്നതായി ഗണിക്കേണ്ടതാകുന്നു.

പൊലീസ് ഉദ്യോഗസ്ഥന്മാർ മറ്റു ജോലി സ്വീകരിക്കരുതു.

൧൯. ഒരു സ്പെഷ്യൽ പൊലീസ് ഉദ്യോഗസ്ഥൻ അല്ലാതെ യാതൊരു പൊലീസ് ഉദ്യോഗസ്ഥനും, പ്രമാണിയുടെ നിലയിലോ കാര്യസ്ഥന്റെ നിലയിലോ, അപ്രകാരം ചെയ്യാൻ നമ്മുടെ ഗവൺമെന്റിനാൽ രേഖാമൂലം പ്രത്യക്ഷമായി അനുവദിക്കപ്പെട്ടിട്ടില്ലെന്നു വരികിൽ:—

(എ) വല്ല കച്ചവടത്തിലും ഏർപ്പെട്ടുകൂടാത്തതും;

(ബി) അയാൾ നിയമിക്കപ്പെട്ടിരിക്കുന്ന ഡിസ്ട്രിക്റ്റിനകത്തു യാതൊരു സ്ഥാവരവസ്തുവിനെയോ അതിൻ വല്ല അവകാശത്തെയോ വിലയ്ക്കുകൊള്ളുന്നതിലോ കൈക്കൊള്ളുന്നതിലോ വല്ലവിധത്തിലും സംബന്ധപ്പെട്ടുകൂടാത്തതും;

(സി) അപ്രകാരമുള്ള പൊലീസ് ഉദ്യോഗസ്ഥന്റെ നിലയിൽ അയാളുടെ ഉദ്യോഗമോ ജോലിയോ അല്ലാതെ മറ്റു യാതൊരു ഉദ്യോഗവും വഹിക്കയോ വല്ല തൊഴിലും നടത്തുകയോ വല്ല ജോലിയിലും ഏർപ്പെട്ടിരിക്കയോ ചെയ്തുകൂടാത്തതും;

ആയിരിക്കുന്നതല്ലാ.

കമ്മീഷണർ സൈന്യത്തിന്റെ ഭരണം നടത്തുകയും ഉത്തരവുകൾ കൊടുക്കുകയും ചെയ്യുന്നു.

൨൦. (എ) പൊലീസ് സൈന്യത്തിൽ ആളുകളെ ചേർക്കുന്നതും സംഘടനവും, അഭ്യാസവും, ശമ്പളവും, അച്ചടക്കവും, സാമാന്യഭരണവും സംബന്ധിച്ചും;

(ബി) തന്റെ കീഴ്ജീവനക്കാരായ പൊലീസിന്റെ പരിശോധനയെ ക്രമപ്പെടുത്തുന്നതിനും;

(സി) പൊലീസ് സൈന്യത്തിനു വേണ്ടുന്നതുള്ള ആയുധങ്ങൾ, കോപ്പുകൾ, ഉടുപ്പു മുതലായി ആവശ്യമുള്ള മറ്റു സാധനങ്ങൾ ഇവയുടെ വിവരണവും അളവും നിശ്ചയിച്ചും,

താൻ യുക്തമെന്നു വിചാരിക്കാവുന്ന ഉത്തരവുകൾ, നമ്മുടെ ഗവൺമെന്റിന്റെ സമ്മതിക്കുൾപ്പെട്ട് കമ്മീഷണർ അതതുകാലം കൊടുക്കാവുന്നതാകുന്നു,

പൊലീസ് ഉദ്യോഗസ്ഥന്മാരുടെ കൃത്യങ്ങൾ ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാൻ കമ്മീഷണർക്കു അധികാരം.

൨൧. (൧) (എ) എല്ലാ സ്ഥാനവലിപ്പത്തിലും തരത്തിലുമുള്ള പൊലീസ് ഉദ്യോഗസ്ഥന്മാരുടെ ജോലികൾ നിശ്ചയിച്ചും അവരാൽ അധികാരങ്ങൾ നടത്തുകയും കൃത്യങ്ങൾ നിർവഹിക്കുകയും ചെയ്യേണ്ടതു (i) ഏതു പ്രകാരത്തിൽ എന്നും; (ii) ഏതു നിബന്ധനകൾക്കുൾപ്പെട്ട് എന്നും നിശ്ചയിച്ചും;

(ബി) സൈന്യത്തിലെ അംഗങ്ങളുടെ പാർപ്പുസ്ഥലവും അവർ സ്ഥിതി ചെയ്യേണ്ട സ്ഥലവും നിശ്ചയിച്ചും;

(സി) വർത്തമാനങ്ങളും വിവരങ്ങളും ഗ്രഹിക്കയും ബോധിപ്പിക്കയും ചെയ്യുന്നതിനെ ക്രമപ്പെടുത്തുകയൊ നിയന്ത്രിക്കയൊ ചെയ്തും;

(ഡി) കൂടുതൽ പൊലീസ് ഉദ്യോഗസ്ഥന്മാരും വിശേഷാൽ പൊലീസ് ഉദ്യോഗസ്ഥന്മാരും ധരിക്കേണ്ട പിടിപാടുകളുടെ (സർട്ടിഫിക്കേട്ടുകൾ) മാതിരികളെ നിശ്ചയിച്ചും,

(ഇ) പൊതുവായി പൊലീസ് സൈന്യത്തെ കാര്യക്ഷമമാക്കുന്നതിലേക്കും ദുരുപയോഗത്തെയോ ഉപേക്ഷയേയോ തടുക്കുന്നതിലേക്കും;

ഈ റെഗുലേഷനോ തൽക്കാലം നടപ്പിൽ ഇരിക്കുന്ന മററു വല്ല റെഗുലേഷനോ വിരുദ്ധമല്ലാത്ത ചട്ടങ്ങൾ, നമ്മുടെ ഗവൺമെണ്ടിന്റെ അനുമതിക്കു വിധേയപ്പെട്ടു, പൊലീസ് കമ്മീഷണർ ഉണ്ടാക്കാം.

(൨) ഈ വകുപ്പിൻപ്രകാരം അതാതുകാലം നടപ്പിൽ ഇരിക്കുന്ന ചട്ടങ്ങളുടെ ഒരു പകർപ്പു എല്ലാ പൊലീസ് സ്റ്റേഷനിലും വച്ചിരിക്കേണ്ടതാകുന്നു.

(൩) ഈ വകുപ്പും ഇതിനു മുമ്പു കഴിഞ്ഞ വകുപ്പുകളും പ്രകാരം ചെയ്യുന്ന ഉത്തരവുകളും ചട്ടങ്ങളും നമ്മുടെ പോലുള്ള അനുമതിയോടുകൂടി ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യാം.

പൊലീസ് ഉദ്യോഗസ്ഥന്മാർ സദാ ജോലിയിൽ ഇരിക്കുന്നതും തിരുവിതാംകോട്ടു ഏതു ഭാഗത്തും നിയമിക്കപ്പെടാവുന്നതും ആകുന്നു.

൨൨. അവധിയിലൊ സസ്പെൻഡിലൊ അല്ലാത്ത എല്ലാ പൊലീസ് ഉദ്യോഗസ്ഥനും, ഈ റെഗുലേഷനിൽ അടങ്ങിട്ടുള്ള എല്ലാ കാര്യങ്ങൾക്കായിക്കൊണ്ടും, സദാ ജോലിയിൽ ഇരിക്കുന്നതായി ഗണിക്കേണ്ടതും തിരുവിതാംകോട്ടു ഏതു ഭാഗത്തും ഒരു പൊലീസ് ആഫീസരായി ഏതു സമയത്തും നിയമിക്കപ്പെടാവുന്നതും ആകുന്നു.

അദ്ധ്യായം ൪

പൊലീസ് ചട്ടങ്ങൾ.

സമാധാനരക്ഷയ്ക്കുള്ള ചട്ടങ്ങൾ

പൊതു സ്ഥലങ്ങൾ മുതലായവയിൽ ഗതാഗതത്തിനെ ക്രമപ്പെടുത്തുന്നതിനും സമാധാനം രക്ഷിക്കുന്നതിനും ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം.

൨൩. (൧) താൻ യുക്തമെന്നു വിചാരിക്കുന്ന വല്ല പ്രദേശങ്ങളിലും അതിലെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു, നമ്മുടെ ഗവൺമെന്റിന്റെ മുമ്പിൽകൂട്ടിയുള്ള അനുവാദത്തോടും ഈ വിഷയത്തിൽ അധികാരപ്പെടുത്തപ്പെട്ട ഒരു മുനിസിപ്പൽ അധികാരസ്ഥനോ മററു ദേശീയാധികാരസ്ഥനോ ചെയ്തിരിക്കാവുന്ന ഉത്തരവുകൾക്കു ഉൾപ്പെട്ടു;

(എ) യാത്രക്കാരുടെ സാമാനങ്ങൾ വഹിക്കുന്നതിലേക്കു, കടവു തട്ടുകളിലും കയററിറക്കു സ്ഥലങ്ങളിലും കടവുകളിലും റെയിൽവെ സ്റ്റേഷനുകൾക്കു പുറമേയും ഏർപ്പെടാമെന്നു പറയുന്ന ആളുകളെ ലൈസൻസ് മൂലം അനുവദിക്കുന്നതിനും ഒഴിക്കുന്നതിനും അപ്രകാരം ഏർപ്പെടുന്ന ആളുകളുടെ പണിയ്ക്കുള്ള കൂലി ക്രമാനുസാരം നിശ്ചയിക്കുന്നതിനും അതിനെ നടത്തുന്നതിനു വ്യവസ്ഥ ചെയ്യുന്നതിനും;

(ബി) പൊതുജനങ്ങൾക്കു അപായമോ നിരോധനമോ അസൌകര്യമോ ഉണ്ടാകാതെ നടക്കുന്നതിലേക്കായി, തെരുവീഥികളിലും പൊതു സ്ഥലങ്ങളിലും എല്ലാ വിധ ഗതാഗതത്തെയും കന്നുകാലികളെ തെളിക്കുകയൊ വണ്ടികൾ ഓടിക്കയൊ സൈക്കിൾ ഓടിക്കയൊ നടക്കുകയൊ, കന്നുകാലികളെ നടത്തിക്കയൊ [illegible] നടക്കുകയൊ ചെയ്യുന്ന ആളുകൾ തെരുവീഥികളേയും പൊതുസ്ഥലങ്ങളേയും ഉപയോഗിക്കുന്നതിനെയും ക്രമപ്പെടുത്തിയും;

(സി) വാഹനങ്ങൾ തെരുവീഥികളിലും പൊതു സ്ഥലങ്ങളിലും ഏതു നിബന്ധനകൾക്കു വിധേയപ്പെട്ടു നിർത്തിവയ്ക്കാമോ അവയെയും വാഹനങ്ങളേയൊ കന്നുകാലികളേയൊ നിർത്തിവയ്ക്കാവുന്ന സ്ഥലങ്ങളായി തെരുവീഥികളെ ഉപയോഗിക്കുന്നതിനെയും ക്രമപ്പെടുത്തിയും;

(ഡി) തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും വാഹനങ്ങളിൽ ഉപയോഗിക്കേണ്ടും വിളക്കുകളുടെ എണ്ണത്തെയും സ്ഥാനത്തെയും നിശ്ചയിച്ചും ചാരങ്ങളുകൾ, കോണികൾ, ഇരുമ്പു ഗർഡറുകൾ മുതലായ, അഥവാ ആവിധിയാണ്ടകൾ ഉള്ളതല്ലാത്ത മററു സാമാനങ്ങൾ ഏതു തെരുവീഥികളിൽകൂടി കൊണ്ടുപോകേണ്ട പ്രകാരത്തെയും മാതിരിയെയും അപ്രകാരം കൊണ്ടുപോകേണ്ട വഴിയെയും സമയത്തെയും ക്രമപ്പെടുത്തിയും കൊടുത്തും;

(ഇ) ശവങ്ങൾ കൊണ്ടുപോകാവുന്നതൊ പാടില്ലാത്തതൊ ആയ റോഡുകളെയും സമയത്തെയും, പകർച്ചവ്യാധി നടക്കുന്ന കാലങ്ങളിൽ, അവയെ കൊണ്ടുപോകേണ്ട വിധത്തെയും നിശ്ചയിച്ചും;

(എഫ്) ശവം അടക്കേണ്ടതിനുള്ള വല്ല സ്ഥലത്തിലോ വല്ല സത്രത്തിലൊ പൊതുജനങ്ങൾ ഉപയോഗിക്കുന്ന മററു സ്ഥലത്തിലൊ ഉള്ള ഗുണങ്ങളെയും സ്ഥലവിസ്താരത്തെയും, ഉല്പത്തിയും ശരിയായും ഉപയോഗിച്ചു കൊള്ളുമ്പോൾ അവിടെ ചെല്ലുന്ന ആളുകളുടെ ഇടയിൽ ക്രമാനുസാരമായ നടത്തയെ രക്ഷിക്കുന്നതിനു അവയെ ഉപയോഗിക്കാവുന്ന സമയങ്ങളെയും ഉപയോഗിക്കാവുന്ന മാതിരിയെയും ക്രമപ്പെടുത്തിയും;

(ഡി) [illegible] നടക്കുന്നതോ [illegible] അതായ [illegible] ചന്തയിൽ, [illegible] അവ [illegible] ചെയ്യുന്നതും സംബന്ധിച്ചും [illegible] നമ്മുടെ ഗവണ്മെന്റു [illegible] അനുമതിപ്പത്രം [illegible] വിചാരിക്കപ്പെടുന്ന [illegible] സംബന്ധിച്ചും,

(ഇ) (i) [illegible] വിരോധത്തിനോ [illegible] ചെയ്യപ്പെടാതിരിക്കുന്നതിനും,

(ii) [illegible] വീഥികളിലും പൊതുസ്ഥലങ്ങളിലും [illegible] നടത്തുന്നതിനെയും,

(iii) [illegible] അധികാരപ്പെടുത്തപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്മാരോ മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരോ [illegible] വീഥികളിലും പൊതുസ്ഥലങ്ങളിലും അവയിന്മേൽ [illegible] ചെയ്യുന്നതിനെയും,

(iv) [illegible] സാധനമോ [illegible] വീഥികളിലും പൊതുസ്ഥലങ്ങളിലും [illegible],

(v) [illegible] വെച്ചിരിക്കുന്നതിനേയും,

ലൈസൻസ് [illegible] സമീപത്തിലുള്ള [illegible] വഴിയാത്രക്കാർക്കോ നിരോധമോ [illegible] ഉണ്ടാകാതെ തടുക്കുന്നതിലേക്കായി, നിരോധിക്കയും ചെയ്യും.

(എഫ്) പരസ്യമായ [illegible] വിനോദമോ നടക്കുകയോ ആളുകൾ കൂടിയിരിക്കയോ ചെയ്യുന്ന സ്ഥലങ്ങളിൽ പ്രവേശനമാർഗ്ഗങ്ങളിലും വെളിയിൽ പോകുന്നതിലും [illegible] ക്രമപ്പെടുത്തുകയും [illegible] ഉണ്ടാകാതെ തടുക്കുന്നതിനും വ്യവസ്ഥചെയ്യും,

(ജി) ഈ റെഗുലേഷൻപ്രകാരം വാങ്ങാൻ അപേക്ഷിക്കുന്നതോ ആവശ്യപ്പെട്ടിരിക്കുന്നതോ ആയ വല്ല ലൈസൻസോ [illegible] ഏതു നടപടി അനുസരിച്ചു അപേക്ഷിക്കേണ്ടതാണെന്ന് [illegible] നിശ്ചയിച്ചും അപ്രകാരമുള്ള വല്ല ലൈസൻസിനോ [illegible] ഫീസ് നിശ്ചയിച്ചും,

ഈ റെഗുലേഷന [illegible] ചട്ടങ്ങൾ [illegible] ഉണ്ടാക്കാം,

എന്നാൽ, ഒന്നാമതു, ഈ വകുപ്പിലുള്ള യാതൊന്നും അതിൻപ്രകാരം ഉണ്ടാക്കപ്പെട്ട വല്ല ചട്ടവും അനുസരിച്ചു [illegible] യാതൊരു ലൈസൻസും, [illegible] റെഗുലേഷൻപ്രകാരമോ [illegible] സംബന്ധിച്ചു [illegible] നടപ്പിൽവരിക്കുന്ന മറ്റു വല്ല നിയമപ്രകാരമോ ഒരു ലൈസൻസോ [illegible] ആവശ്യപ്പെട്ടിരിക്കുന്ന വല്ല [illegible] ഉപയോഗിച്ചു വച്ചുകൊള്ളുന്നോ [illegible] അധികാരപ്പെടുത്തുകയോ, [illegible] വല്ല നിയമം അനുസരിച്ചു വല്ല [illegible] ഉള്ളതോ [illegible] റെഗുലേഷനിലെ [illegible] വല്ല വ്യവസ്ഥകളെയോ ഈ നിയമങ്ങളിൽ ഏതെങ്കിലും പ്രകാരം ഉണ്ടാക്കപ്പെട്ട യാതൊരു ചട്ടങ്ങളെയോ അനുസരിച്ചു വല്ല [illegible] വല്ലവിധത്തിലും [illegible],

രണ്ടാമതു, (എച്) [illegible] ചട്ടത്തിലും, പരസ്യമായ വിനോദങ്ങളുള്ള വല്ല സ്ഥലത്തിലും [illegible] റെഗുലേഷനിൽ [illegible] ചെയ്തിട്ടുള്ളപ്രകാരം [illegible] റെഗുലേഷനി [illegible] ചെയ്തിട്ടുള്ളപ്രകാരം [illegible] ചെയ്യുന്നില്ലെങ്കിൽ, ആ സ്ഥലത്തേക്കു ഒരു ലൈസൻസ് ആവശ്യപ്പെടുന്നതായ യാതൊരു ചട്ടവും ഉണ്ടാക്കിക്കൂടാ.

മൂന്നാമതു, [illegible] സ്ഥലത്തിന്റെ [illegible] ഉപയോഗം സംബന്ധിച്ചു (എഫ്) [illegible] ഉണ്ടാകുന്ന യാതൊരു ചട്ടവും [illegible] ഉണ്ടാകേണ്ടതാകുന്നു.

(2) ഈ വകുപ്പിൻപ്രകാരം ഉണ്ടാക്കപ്പെട്ട യാതൊരു ചട്ടങ്ങളും അതുപോലുള്ള [illegible] എന്നാൽ ആ [illegible] മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(3) ഈ വകുപ്പിൻപ്രകാരം ഉണ്ടാകുന്ന എല്ലാ ചട്ടവും ഒരു ചട്ടത്തിന്റെ [illegible] ചട്ടത്തിന്റെ [illegible] നമ്മുടെ സർക്കാർ ഗസറ്റിലും [illegible] അറിയിപ്പുകൾ പ്രസിദ്ധപ്പെടുത്തുന്നതിലേക്കു ഈ റെഗുലേഷനിൽ നിശ്ചയിച്ചിട്ടുള്ള വിധത്തിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

പൊതുജനങ്ങൾക്കു [illegible] കൊടുക്കാൻ [illegible] മറ്റുദ്യോഗസ്ഥന്മാർക്കും [illegible]. 28. [illegible] ഡിസ്ത്രിക്ട് [illegible], ഏതെങ്കിലും സമയത്തു നിയമമായി [illegible] ചെയ്യപ്പെടാവുന്ന യാതൊരു ചട്ടത്തിനോ ഉത്തരവിനോ യാതൊരു [illegible] ഇതിലേക്കുവേണ്ടി [illegible] അധികാരപ്പെടുത്തപ്പെട്ട മറ്റു അധികാരസ്ഥനാലോ [illegible] യാതൊരു ലൈസൻസിനോ ഉൾപ്പെട്ട്.

(എ) [illegible] വീഥികളിൽ [illegible] സംഘങ്ങളിലും ചേർന്നിരിക്കുന്ന ആളുകളുടെ [illegible] നടപടിയോ ഇന്ന പ്രകാരം ഇരിക്കണം എന്ന ആജ്ഞാപിക്കയും;

(ബി) വല്ല ഘോഷയാത്രയും ഏതു മാർഗ്ഗങ്ങളിൽ കൂടിയും ഏതു സമയങ്ങളിലും പോകാം എന്നോ പോകരുതു എന്നോ നിശ്ചയിക്കയും;

(സി) എല്ലാ ഘോഷയാത്രകൾ പുറപ്പെടുമ്പോഴും ജനസംഘങ്ങൾ കൂടുമ്പോഴും ജനങ്ങൾ വന്ദിക്കുന്നതായ സമയത്തിൽ എല്ലാ പൊതു ദേവാലയങ്ങളുടെ സമീപത്തും വല്ല തെരുവീഥിയിലൊ പൊതുസ്ഥലത്തൊ പൊതുജനങ്ങൾ പതിവായി കൂടുന്ന സ്ഥലത്തോ ജനങ്ങളുടെ തിരക്ക ഉണ്ടായേക്കാം എന്നോ അവയിൽ തടസ്ഥം ഉണ്ടായേക്കാം എന്നോ ഉള്ള സംഗതിയിലും ഉണ്ടാകുന്ന പ്രതിബന്ധങ്ങളെ നിരോധിക്കയും;

(ഡി) എല്ലാ തെരുവീഥികളിലും കട്ട ചടവുകളിലും കയററിറക്ക സ്ഥലങ്ങളിലും വള്ളക്കടവുകളിലും മററെല്ലാ പൊതു സ്ഥലങ്ങളിലും പൊതുജനങ്ങൾ കൂടുന്ന സ്ഥലങ്ങളിലും സമാധാനരക്ഷ ചെയ്കയും;

(ഇ) വല്ല തെരുവീഥിയിലോ സർക്കാർ കെട്ടിടങ്ങളും അവയുടെ വളപ്പുകളും അല്ലാത്ത യാതൊരു പൊതുസ്ഥലത്തോ വാദ്യഘോഷത്തേയും ചെണ്ട തപ്പുക മുതലായവ അടിക്കുന്നതിനേയും കൊമ്പുമുതലായി ശബ്ദം അധികം പുറപ്പെടുവിക്കുന്നവയെ ഊതുകയോ ശബ്ദം പുറപ്പെടുവിക്കയോ ചെയ്യുന്നതിനേയും ക്രമപ്പെടുത്തുകയും ഭരിക്കയും;

ചെയ്യാവുന്നതാകുന്നു.

വാൾ, കുന്തം, മുതലായവ വഹിക്കുന്നതിനെ നിരോധിക്കാൻ അധികാരം.

൨൪. പൊതുജന സമാധാനത്തിന്റെ രക്ഷയ്ക്കാ അവശ്യമെന്നു വിചാരിക്കുമ്പോളെല്ലാം ആവശ്യമെന്നു വിചാരിക്കാവുന്ന കാലത്തേക്ക, പരസ്യമായി പ്രസിദ്ധപ്പെടുത്തിയ അറിയിപ്പിനാലൊ ആരോടു ആൾക്ക കൊടുക്കുന്ന അറിയിപ്പിനാലൊ, ഡിസ്ത്രിക്ട് മജിസ്ത്രേട്ടു;

(i) വല്ല പൊതുസ്ഥലത്തും വാൾ, കുന്തം, കുറുവടി തോക്ക മുതലായി അപായകരമായ ആയുധങ്ങൾ വഹിക്കുന്നതിനേയും;

(ii) എറിയാവുന്ന ആയുധങ്ങളായി ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെടുന്ന കല്ല മുതലായ സാധനങ്ങളെയൊ എറിയാവുന്ന സാധനങ്ങൾ എറിയാനോ ഉന്താനോ ഉള്ള ആയുധങ്ങളെയൊ ഉപകരണങ്ങളെയൊ വഹിക്കയൊ ശേഖരിക്കയൊ തയ്യാറാക്കയൊ ചെയ്യുന്നതിനേയും;

(iii) വല്ല പൊതുസ്ഥലത്തും ആളുകളേയൊ പ്രേതങ്ങളേയൊ രൂപങ്ങളേയൊ പ്രതിമകളേയൊ പ്രദർശിപ്പിക്കുന്നതിനേയും;

(iv) പരസ്യമായി നിലവിളിക്കയൊ പാട്ടുകൾ പാടുകയൊ വാദ്യം വായിക്കയൊ ചെയ്യുന്നതിനേയും;

നിരോധിക്കാവുന്നതാകുന്നു.

പരസ്യമായ പ്രസംഗങ്ങൾ മുതലായവ നടത്തുന്നതിനെ നിരോധിക്കാൻ അധികാരം.

൨൫. താൻ ആവശ്യമെന്നു വിചാരിക്കുമ്പോഴും താൻ ആവശ്യമെന്നു വിചാരിക്കാവുന്ന കാലത്തേക്കും പരസ്യമായി പ്രസിദ്ധപ്പെടുത്തിയ അറിയിപ്പിനാലൊ ആരോടു ആൾക്ക കൊടുക്കുന്ന അറിയിപ്പിനാലൊ ഡിസ്ത്രിക്ട് മജിസ്ത്രേട്ടു—

(i) സദാചാരത്തെയോ മര്യാദയെയോ ലംഘിക്കുന്ന സ്വഭാവത്തിലുള്ളതായിരിക്കാവുന്നതൊ;

(ii) ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്റെ അഭിപ്രായത്തിൽ ഭിന്നവർഗ്ഗക്കാർ തമ്മിൽ മത്സരമൊ വിരോധമൊ ജനിപ്പിക്കാനൊ ഒരു കുററം ചെയ്വാൻ ഉത്സാഹപ്പെടുത്താനൊ സമാധാനം ലംഘിക്കാനൊ നിയമത്തിനൊ നിയമപ്രകാരമുള്ള അധികാരത്തിനൊ തടസ്ഥമൊ നിന്ദയൊ കാണിക്കാനൊ ഇടയുള്ളതൊ;

ആയ പരസ്യമായ പ്രസംഗങ്ങൾ നടത്തുന്നതിനേയും ഭാവങ്ങളുടേയും ഭാവനാചിത്രങ്ങളുടേയും ഉപയോഗത്തേയും പടങ്ങളെയൊ അടയാളങ്ങളെയൊ പരസ്യപത്രങ്ങളേയൊ മററുവല്ല സാധനമൊ വസ്തുവൊ തയ്യാറാക്കുകയോ പ്രദർശിപ്പിക്കുകയോ പ്രചാരമാക്കുകയോ ചെയ്യുന്നതിനേയും നിരോധിക്കാവുന്നതാകുന്നു.

എന്നാൽ അങ്ങനെയുള്ള നിരോധനം നമ്മുടെ ഗവർമ്മെന്റിന്റെ അനുവാദം കൂടാതെ പതിനഞ്ചു ദിവസത്തിലധികം ഊർജ്ജിതപ്പെട്ടിരിക്കുന്നതല്ല.

വല്ല ഘോഷയാത്രയൊ പരസ്യമായി ജനങ്ങൾ കൂടുന്നതിനേയൊ തടുക്കാൻ അധികാരം.

൨൬. പൊതുജനങ്ങളുടെ സമാധാനത്തിനൊ രക്ഷക്കൊ അപ്രകാരമുള്ള നിരോധം ആവശ്യമെന്നു വിചാരിക്കുമ്പോഴും വിചാരിക്കുന്ന കാലത്തോളവും ഡിസ്ത്രിക്ട് മജിസ്ത്രേട്ട് രേഖാമൂലമായ ഉത്തരവിനാൽ, വല്ല ഘോഷയാത്രയേയൊ പൊതുജനങ്ങൾ കൂടുന്നതിനേയൊ നിരോധിക്കാവുന്നതാണ്.

എന്നാൽ അപ്രകാരമുള്ള യാതൊരു നിരോധനവും നമ്മുടെ ഗവർമ്മെന്റിന്റെ അനുവാദം കൂടാതെ പതിനഞ്ചു ദിവസത്തിലധികം ഊർജ്ജിതപ്പെട്ടിരിക്കുന്നതല്ല.

വല്ല തെരുവീഥിയെയൊ പൊതു സ്ഥലത്തെയൊ ഒഴിച്ചുവെയ്ക്കാൻ അധികാരം.

൨൭. പോലീസ് കമ്മിഷണർ, നമ്മുടെ ഗവർമ്മെന്റിന്റെ കല്പനപ്പടി, പരസ്യമായ അറിയിപ്പിനാൽ, വല്ല തെരുവീഥിയെയൊ പൊതുസ്ഥലത്തെയൊ വല്ല പൊതുകാര്യത്തിനും താൽക്കാലികമായി ഒഴിച്ചുവെയ്ക്കാവുന്നതും, പോലീസ് കമ്മിഷണർ നിശ്ചയിക്കുന്ന നിബന്ധനകൾ പ്രകാരമല്ലാതെ, അപ്രകാരം ഒഴിച്ചുവെയ്ക്കപ്പെട്ട പ്രദേശത്തിൽ ജനങ്ങൾ കടക്കുന്നതിനെ നിരോധിക്കാവുന്നതും ആകുന്നു.

[illegible] വകുപ്പിൽ [illegible] ഉത്തരവുകൾ സംബന്ധിച്ച്.

൧൯. (൧) ഒരു പരസ്യമായ [illegible] ഉത്തരവോ പരസ്യമായ അറിയിപ്പോ ൧൬, ൧൭, ൧൮, ൧൯ [illegible] വകുപ്പുകൾപ്രകാരം [illegible] കൊടുത്തിരിക്കുന്നതോ,

(൨) [illegible] വകുപ്പിലെ (i)-ാം വകുപ്പോ (ii)-ാം വകുപ്പോ (iii)-ാം വകുപ്പോ പ്രകാരം കൊടുക്കപ്പെട്ട ഒരു പരസ്യമായ അറിയിപ്പിന്റെ കാര്യത്തിലോ [illegible] വകുപ്പിൻപ്രകാരം കൊടുത്ത ഒരു പരസ്യമായ അറിയിപ്പിന്റെ കാര്യത്തിലോ വല്ല മജിസ്ട്രേട്ടോ വല്ല പൊലീസ് ഉദ്യോഗസ്ഥനോ ആകട്ടെ, അല്ലെങ്കിൽ

(൩) [illegible] വകുപ്പിലെ (iv)-ാം [illegible] വകുപ്പിൻപ്രകാരമോ കൊടുത്ത ഒരു [illegible] [illegible] വകുപ്പിൻപ്രകാരം കൊടുത്ത ഒരു ഉത്തരവിന്റെ കാര്യത്തിലോ— വല്ല മജിസ്ട്രേട്ടോ സബ്ഇൻസ്പെക്ടരുടെ [illegible] കീഴല്ലാത്ത സ്ഥാനവലിപ്പം ഉള്ള വല്ല പൊലീസ് ഉദ്യോഗസ്ഥനോ ആകട്ടെ

അതിനു വിപരീതമായി പ്രവർത്തിക്കയോ പ്രവർത്തിക്കാൻ ശ്രമിക്കയോ ചെയ്യുന്ന യാതൊരാളോടും അപ്രകാരം പ്രവർത്തിക്കുന്നതിൽനിന്നു വിരമിക്കാനോ അപ്രകാരം പ്രവർത്തിക്കാതിരിക്കാനോ ആവശ്യപ്പെടാവുന്നതും, അയാൾ നിഷേധിക്കയോ അനുസരിക്കാതിരിക്കയോ ചെയ്താൽ, അയാളെ പിടിക്കാവുന്നതും ആകുന്നു.

(൨) (൧)-ാം ഉപവകുപ്പിൻപ്രകാരം പ്രവർത്തിക്കുന്ന വല്ല മജിസ്ട്രേട്ടോ പൊലീസ് ഉദ്യോഗസ്ഥനോ [illegible] പരസ്യത്തിനോ ഉത്തരവിനോ അറിയിപ്പിനോ വിരുദ്ധമായി ഉപയോഗിക്കപ്പെടുന്നതോ ഉപയോഗിക്കാൻ [illegible] വല്ല [illegible] പിടിക്കാവുന്നതും അപ്രകാരം പിടിക്കപ്പെട്ട വല്ലതും അക്കാര്യത്തിൽ അധികാരം ഉള്ള വല്ല മജിസ്ട്രേട്ടും [illegible] വിനിയോഗിക്കേണ്ടതും ആകുന്നു.

പൊതുജനങ്ങളുടെ വിനോദം മുതലായവ നടക്കുന്ന സ്ഥലങ്ങളിൽ സമാധാനലംഘനം ഉണ്ടാകാതെ തടയാൻ ആജ്ഞ കൊടുക്കാനുള്ള അധികാരം.

൨൦. (൧) പൊതുജനങ്ങളുടെ വിനോദത്തിനുള്ള വല്ല സ്ഥലത്തോ പൊതുജനങ്ങളെ ക്ഷണിച്ചിട്ടുള്ളതോ പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നതോ ആയ വല്ല സംഘത്തിലോ യോഗത്തിലോ ഗൌരവമായ സമാധാനലംഘനത്തെയാകട്ടെ കൂടിയിട്ടുള്ള ആളുകൾക്ക് പ്രത്യക്ഷമായും പെട്ടെന്നും ഉണ്ടായേക്കാവുന്ന ആപത്തിനെയാകട്ടെ തടയുന്നതിനുവേണ്ടി— അവിടെ ഹാജരായിരിക്കുന്നതിൽ സബ്ഇൻസ്പെക്ടരുടെ സ്ഥാനവലിപ്പത്തിൽ കുറയാതെ ഏറ്റവും കൂടുതൽ സ്ഥാനവലിപ്പം ഉള്ള പൊലീസ് ഉദ്യോഗസ്ഥൻ, നിയമാനുസാരം ഉണ്ടാക്കിയിരിക്കാവുന്ന ചട്ടങ്ങൾക്കു കൊടുക്കപ്പെട്ടിരിക്കാവുന്ന ആജ്ഞകൾക്കും, ഉത്തരവുകൾക്കും ഉൾപ്പെട്ട്,

ആ സ്ഥലത്തെ സംഘത്തിലോ യോഗത്തിലോ ജനങ്ങൾ പ്രവേശിക്കേണ്ട വിധത്തെപ്പറ്റിയും അവിടെ ഹാജരായിരിക്കുന്ന ജനങ്ങൾ സമാധാനമായും ക്രമമായും [illegible] ആവശ്യം എന്നു താൻ വിചാരിക്കുന്ന ന്യായമായ ആജ്ഞകൾ കൊടുക്കാം,

എല്ലാ ആളുകളും അപ്രകാരമുള്ള ആജ്ഞകളെ അനുസരിച്ചു നടക്കുന്നതിനു കടപ്പെട്ടിരിക്കുന്നതാകുന്നു.

(൨) (൧)-ാം ഉപവകുപ്പിലെ വ്യവസ്ഥകളേയും അതനുസരിച്ചു കൊടുക്കപ്പെട്ട വല്ല ആജ്ഞയേയും [illegible], പൊലീസിനു അപ്രകാരം പൊതുജനങ്ങളുടെ വിനോദത്തിനുള്ള എല്ലാ സ്ഥലത്തും സംഘത്തിലും യോഗത്തിലും തടസ്സം കൂടാതെ പ്രവേശിക്കാവുന്നതാകുന്നു.

[illegible] തടയാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉത്തരവുകൾ കൊടുക്കാം.

൨൧. വല്ല ലഹളയോ ഗൌരവമായ സമാധാനലംഘനമോ ഉണ്ടാകാതെ തടുക്കയോ അമർച്ച ചെയ്കയോ ചെയ്യുന്നതിനുവേണ്ടി, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വല്ല കെട്ടിടത്തെയോ സ്ഥലത്തെയോ തൽക്കാലത്തേക്കു അടച്ചുകളയുകയോ കൈവശം ഏറ്റുകൊള്ളുകയോ ചെയ്യാവുന്നതും എല്ലാ ആളുകളേയുമോ വല്ല ആളുകളേയോ അതിൽ കടക്കാൻ പാടില്ലെന്നു വിലക്കുകയോ താൻ യുക്തമെന്നു വിചാരിക്കുന്ന ആളുകൾക്ക് മാത്രവും നിബന്ധനകളിന്മേലും അതിൽ കടക്കാൻ അനുവദിക്കയോ ചെയ്യാവുന്നതും ആകുന്നു. സംബന്ധപ്പെട്ട എല്ലാ ആളുകളും ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൽ ഇതിനാൽ സ്ഥാപിതമായ അധികാരം അനുസരിച്ചു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കൊടുക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്ന ഉത്തരവുകൾ അനുസരിച്ചു നടക്കാൻ നിബദ്ധരായിരിക്കുന്നതും ആകുന്നു.

മതസംബന്ധമായ ചടങ്ങുകൾ മുതലായവയിൽ സമാധാനരക്ഷയ്ക്കുള്ള ഉത്തരവുകൾ [illegible].

൨൨. (൧) വല്ല തെരുവിലോ പൊതുസ്ഥലത്തോ മതസംബന്ധമായോ ആചാരസംബന്ധമായോ ഏതുവിധത്തിലുമുള്ള കോലാഹലമോ പ്രദർശനമോ സംഘടിത ജനസംഘമോ യഥാർത്ഥത്തിൽ നടക്കയോ നടക്കാൻ ഉദ്ദേശിച്ചിരിക്കയോ ചെയ്യുകയും അതിനെയോ അതിന്റെ നടത്തിപ്പിനെയോ അതിൽ പങ്കുകൊള്ളുന്നതിനെയോ പററി ഗൌരവമായ സമാധാനലംഘനത്തിനു ഇടയാക്കാവുന്ന ഒരു തർക്കമോ വഴക്കോ ഉണ്ടെന്നു ഡിസ്ട്രിക്ട്മജിസ്ട്രേട്ടു കാണുകയും ചെയ്താൽ, സംബന്ധപ്പെട്ട ആളുകൾ അന്യോന്യവും പൊതുജനങ്ങളോടും വഹിക്കേണ്ടതായ [illegible] കക്ഷികളുടെയും [illegible] ആളുകളുടെയും പ്രത്യക്ഷമായ നിയമാനുസൃതമായ അവകാശങ്ങളെയും സ്ഥാപിതമായ വല്ല നടപ്പിനെയും ഗണിച്ചു, സംഗതിയുടെ അവസ്ഥയ്ക്കു ആവശ്യവും ന്യായവും എന്നു താൻ വിചാരിക്കുന്ന ഉത്തരവുകൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കൊടുക്കാവുന്നതാകുന്നു. അപ്രകാരമുള്ള എല്ലാ ഉത്തരവും [illegible] പ്രദേശത്തിലോ സ്ഥലത്തിലോ പ്രസിദ്ധപ്പെടുത്തേണ്ടതും സംബന്ധപ്പെട്ട എല്ലാ ആളുകളും അതനുസരിച്ചു നടക്കാൻ നിബദ്ധരായിരിക്കുന്നതും ആകുന്നു.

(൨) (൧)-ാം ഉപവകുപ്പിൻപ്രകാരമുള്ള ഒരു ഉത്തരവ് അധികാരമുള്ള ഒരു കോടതിയാൽ നൽകപ്പെട്ട വിധിയോ നിരോധനാജ്ഞയോ ഉത്തരവിനോ വിധേയപ്പെട്ടിരിക്കുന്നതും ആ ഉത്തരവിനാൽ ബാധിതരായ കക്ഷികളും ആളുകളുടെ അവകാശങ്ങളേയും കർത്തവ്യങ്ങളേയും കുറിച്ച്, തല്പരപ്പെട്ട ഏതെങ്കിലും ആളുകളുടെ ആവലാതിയിന്മേലോ അന്യായത്തിന്മേലോ അപേക്ഷയിന്മേലോ, അങ്ങനെയുള്ള കോടതിയിൽനിന്നുണ്ടായിട്ടുള്ള ഡിക്രിയ്ക്കോ വിധിയ്ക്കോ നിരോധനാജ്ഞയ്ക്കോ ഉത്തരവിനോ അസംഗതമായിരിക്കുന്നു എന്നു ഡിസ്ട്രിക്ട്

മജിസ്ട്രേട്ടിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം ആ ഉത്തരവു പിൻവലിക്കയൊ ഭേദപ്പെടുത്തുകയൊ ചെയ്യപ്പെടേണ്ട
തും ആകുന്നു.

വേശ്യാഗൃഹങ്ങൾ നിർത്തലാക്കുക.

൨൨. ഈ വകുപ്പിനെ പ്രാബല്യത്താൽ നമ്മുടെ ഗവന്മെന്റു സംബന്ധിപ്പിച്ചിട്ടുള്ള വല്ല ഡിസ്ട്രിക്റ്റിലെ ഒരു മുനിസിപ്പാലിട്ടിയിലൊ വല്ല ഗ്രാമത്തിലൊ വല്ല ഗൃഹവും,

(എ) ഒരു ദേവാലയത്തിന്റെയൊ ഒരു വിദ്യാലയത്തിന്റെയൊ വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെയൊ ഭോജനശാലയുടേയൊ സമീപത്തായിരിക്കെ, ആയതു ഒരു വേശ്യാഗൃഹമായൊ അതിൽ വേശ്യാവൃത്തി പതിവായി നടത്തുന്നതിലേക്കായൊ വല്ല [illegible] ഉള്ള അഭിമതിക്കാരാലൊ ഉപയോഗപ്പെടുത്തിവരുന്നു എന്നൊ,

(ബി) ആ പ്രദേശത്തിലെ മാന്യന്മാരായ [illegible] ഉപദ്രവകരമായി [illegible] പ്രകാരം ഉപയോഗിച്ചുവരുന്നു എന്നൊ,

(സി) പട്ടാളം കിടക്കുന്ന (പാളയം) ഒരു സ്ഥലത്തിന്റെ അടുത്തു സമീപത്തായിരിക്കെ, ആയതു ഒരു വേശ്യാഗൃഹമായൊ അതിൽ വേശ്യാവൃത്തി പതിവായി നടത്തുന്നതിലേക്കായൊ ഉപയോഗിച്ചുവരുന്നു എന്നൊ,

ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനു ആവലാതി കിട്ടിയാൽ, നേരിട്ടോ ഏജന്റു മുഖാന്തിരമായൊ ഹാജരാകാൻ ആ ഗൃഹത്തിന്റെ ഉടമസ്ഥനോടൊ വാടകക്കാരനോടൊ മാനേജരോടൊ ആജ്ഞാപിക്കുന്നതിനു ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടു സമൻസയച്ചു വരുത്താവുന്നതും, ആ ഗൃഹം (എ) ഖണ്ഡത്തിലൊ (ബി) ഖണ്ഡത്തിലൊ (സി) ഖണ്ഡത്തിലൊ വിവരിച്ചിട്ടുള്ളപ്രകാരം ഉപയോഗിച്ചുവരുന്നു എന്നു ബോദ്ധ്യപ്പെട്ടാൽ, ഒരു രേഖാമൂലമായ ഉത്തരവിനാൽ, അതിലെ തീയതി മുതൽ അഞ്ചു ദിവസത്തിൽ കുറയാതെ, അപ്രകാരമുള്ള ഉത്തരവിൽ വിവരിക്കുന്ന കാലാവധിയ്ക്കകം, അപ്രകാരമുള്ള ഉപയോഗത്തെ നിർത്തലാക്കുവാൻ ആ ഉടമസ്ഥനോടൊ വാടകക്കാരനോടൊ മാനേജരോടൊ [illegible] ആജ്ഞാപിക്കാവുന്നതും ആകുന്നു.

അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കൽ.

൨൩. (എ) ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട്, പരസ്യമായ അറിയിപ്പിനാൽ, ആ അറിയിപ്പിൽ വിവരിച്ചിരിക്കാവുന്ന [illegible] പടിക്കിടയിൽ, തെരുവീഥികളിലൊ പൊതുസ്ഥലങ്ങളിലൊ അലഞ്ഞുനടക്കുന്നതായി കാണപ്പെടുന്ന വല്ല പട്ടികളേയും നശിപ്പിക്കാവുന്നതാണെന്നു അതാതു സമയം പ്രസിദ്ധപ്പെടുത്താവുന്നതും ആ കാലാവധികളിൽ അപ്രകാരം കാണപ്പെടുന്ന വല്ല പട്ടിയേയും അതനുസരിച്ചു നശിപ്പിക്കാവുന്നതും ആകുന്നു.

പട്ടികൾക്കു വായ്പൂട്ടു ഇടുന്നതിനേയൊ അവയെ പിടിക്കുന്നതിനേയൊപറ്റിയുള്ള വ്യവസ്ഥകൾ.

(ബി) തെരുവീഥികളിലൊ വല്ല പൊതുസ്ഥലത്തൊ കാണപ്പെടുകയും വല്ല ആളാലും പിടിച്ചു നടത്തപ്പെടാതിരിക്കയും ചെയ്യുന്ന എല്ലാ പട്ടിയേയും, ആരേയും കടിക്കാതെ തടക്കുന്നതിനു മതിയായതായും എന്നാൽ അതിനു ശ്വാസം വിടുന്നതിനൊ വെള്ളം കുടിക്കുന്നതിനൊ തടസ്സമില്ലാത്തതും ഉള്ള വിധത്തിൽ അതിനെ വായ്പൂട്ടു ഇടണം എന്നു ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട്, പരസ്യമായ അറിയിപ്പിനാൽ, ആവശ്യപ്പെടാവുന്നതും, ആ അറിയിപ്പു പ്രാബല്യമായിരിക്കുന്ന കാലത്തോളം, അതിന്റെ ഉടമസ്ഥന്റെ വളപ്പുകൾക്കു പുറമെ വല്ല സ്ഥലത്തുവച്ചും വായ്പൂട്ടുകൂടാതെ അലഞ്ഞുനടക്കുന്ന വല്ല പട്ടിയേയും പോലീസ്കാർ കൊല്ലുകയൊ പിടിച്ചു വച്ചുകൊള്ളുകയൊ ചെയ്യാവുന്നതും ആകുന്നു.

കഴുത്തുവാറുള്ള പട്ടികളെ ഒഴിച്ചിരിക്കുന്നു.

എന്നാൽ പ്രത്യക്ഷത്തിൽ സത്യ[illegible] എന്നു തോന്നുന്ന ഒരു ഉടമസ്ഥന്റെ പേരൊ മേൽവിലാസമൊ എഴുതീട്ടുള്ള ഒരു കഴുത്തുവാറു ധരിക്കുന്നതായി, അപ്രകാരം കാണപ്പെടുന്ന വല്ല പട്ടിയേയും, അതു ഭ്രാന്തുപിടിച്ചതായിരുന്നാൽ അല്ലാതെ, ഉടൻ നശിപ്പിച്ചുകൂടാത്തതും എന്നാൽ അതിനെ പിടിച്ചുവച്ചിരിക്കുന്നതിനെപ്പറ്റി അപ്രകാരമുള്ള ഉടമസ്ഥനു തപാൽ മാർഗ്ഗമൊ അഞ്ചൽമാർഗ്ഗമൊ മറ്റു പ്രകാരത്തിലൊ ഉടൻ അറിവു കൊടുക്കേണ്ടതും ആകുന്നു.

പട്ടികളെ നശിപ്പിക്കയൊ വിൽക്കയൊ ചെയ്ക.

(സി) ഉടമസ്ഥൻ ഒരു വായ്പൂട്ടു ഇടാത്തതിനും അപ്രകാരം പിടിച്ചുവച്ചിരിക്കുന്നതു സംബന്ധിച്ചു എല്ലാ ചിലവുകളും കൊടുക്കാത്തതിനും ഏഴു ദിവസം[illegible] (ബി)-ാം ഉപവകുപ്പിൻപ്രകാരം പിടിച്ചുവയ്ക്കപ്പെട്ട ഏതൊരു പട്ടിയേയും ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ അതതുകാലത്തോടും ഉത്തരവുകൾ അനുസരിച്ചു നശിപ്പിക്കയൊ വിൽക്കയൊ ചെയ്യാം.

വിറ്റുകിട്ടിയ മുതൽ എങ്ങനെ വിനിയോഗിക്കണം എന്നു.

(ഡി) (സി)-ാം ഉപവകുപ്പിൻപ്രകാരം വല്ല പട്ടിയേയും വിറ്റുകിട്ടിയ മുതലിനു, അതിനെ പിടിച്ചുവെച്ചതു സംബന്ധിച്ചു നേരിട്ട ചിലവുകളെ, പട്ടേരളള ടാക്സും, വിധിക്കപ്പെട്ട ഉപദ്രവങ്ങളും ബാക്കി വല്ലതും ഉണ്ടെങ്കിൽ ആയതു [illegible] ആയി വച്ചിരിക്കേണ്ടതും ആകുന്നു. അതിനു [illegible] അവകാശവും [illegible] അതിനെ ബോധിപ്പിച്ചു സ്ഥാപിക്കാത്തപക്ഷം, മേപ്പറഞ്ഞ ബാക്കി നമ്മുടെ ഗവന്മെന്റിന്റെ വിനിയോഗാധികാരത്തിൽ ചേരുന്നതും ആകുന്നു.

ചിലവുകൾ ഈടാക്കൽ.

(ഇ) ഈ വകുപ്പനുസരിച്ചു വല്ല പട്ടിയേയും നശിപ്പിക്കയൊ പിടിച്ചുവെയ്ക്കയൊ ചെയ്യുന്നതു സംബന്ധിച്ചു നേരിട്ട എല്ലാ ചിലവുകളും, (ഡി)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയപ്പെട്ട്, ഉടമസ്ഥന്റെ പക്കൽനിന്നു കണ്ടുകെട്ടി [illegible] ഈടാക്കാവുന്നതാകുന്നു.

(എഫ്) ഈ വകുപ്പിലെ വ്യവസ്ഥകൾ [illegible] നമ്പർ [illegible] റെഗുലേഷൻപ്രകാരമോ [illegible] ാമത്തെ ൯-ാം റെഗുലേഷൻപ്രകാരമൊ സംഘടിപ്പിക്കപ്പെട്ട യാതൊരു പട്ടണത്തിനും സംബന്ധിക്കുന്നതല്ല.

അദ്ധ്യായം 4.

പോലീസിന്റെ പ്രവൃത്തി സംബന്ധമായ അധികാരങ്ങളും കൃത്യങ്ങളും.

പോലീസിന്റെ ഉദ്യോഗസ്ഥന്മാരുടെ കൃത്യങ്ങൾ. [illegible] (1) (എ) മേലധികാരസ്ഥാനത്ത് നിയമാനുസാരം തന്നെ ഏല്പിക്കപ്പെട്ട എല്ലാ സമൻസുകളും ഉടനടി നടത്തുകയും എല്ലാ ഉത്തരവുകളേയും വാറണ്ടുകളേയും അനുസരിക്കയും നടത്തുകയും തന്റെ മേലാവിന്റെ നിയമാനുസൃതമായ ആജ്ഞകളെ നടപ്പിൽ വരുത്തുകയും, നടത്തിപ്പിക്കാൻ നിയമാനുസരണമായ എല്ലാ മാർഗ്ഗങ്ങളാലും ശ്രമിക്കയും;

(ബി) പോലീസിനു നേരിട്ട് എടുക്കാവുന്ന കുറ്റങ്ങൾ നടത്തുന്നതിനെയോ അപ്രകാരമുള്ള കുറ്റങ്ങൾ നടത്താനുള്ള ഉദ്ദേശങ്ങളേയോ സംബന്ധിച്ച വർത്തമാനം, തന്റെ ശക്തിയിൽ പെട്ടിടത്തോളം ഗ്രഹിക്കയും അറിയിക്കയും അപ്രകാരമുള്ള കുറ്റം ചുമത്തുകയും കുറ്റക്കാരെ ശിക്ഷയ്ക്കു കൊണ്ടുവരുന്നതിനോ പൊലീസിനു നേരിട്ടെടുക്കാവുന്ന കുറ്റങ്ങളേയും, തന്റെ ദൃഷ്ടിയിൽ അല്ലെങ്കിൽ, പൊലീസിനു നേരിട്ട് എടുക്കാൻ പാടില്ലാത്ത കുറ്റങ്ങളേയും തടുക്കാനോ, നിയമത്തിനും തന്റെ മേലുദ്യോഗസ്ഥന്മാരുടെ ഉത്തരവുകൾക്കും യോജിപ്പായ മററു നടപടികൾ നടത്തുകയും;

(സി) സമാധാനം രക്ഷിക്കയും സമാധാനത്തെ ബാധിക്കത്തക്കതോ ബാധിക്കാൻ ഇടയുള്ളതോ ആയ വർത്തമാനം ഗ്രഹിക്കയും അറിയിക്കയും,

(ഡി) പൊതുജനങ്ങളെ ബാധിക്കുന്ന അസഹ്യോപദ്രവങ്ങൾ നടത്തുന്നതിനെ തന്റെ ശക്തിയിൽ പെട്ടിടത്തോളം തടുക്കയും,

(ഇ) ആരെ പിടിക്കാൻ താൻ നിയമാനുസൃതം അധികൃതനായിരിക്കയും അപ്രകാരം പിടിക്കാൻ മതിയായ കാരണം ഉണ്ടായിരിക്കയും ചെയ്യുന്നുവോ അങ്ങനെയുള്ള എല്ലാ ആളുകളേയും പിടിക്കയും;

(എഫ്) മറെറാരു പൊലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴോ സഹായിക്കപ്പെടുന്ന ഉദ്യോഗസ്ഥനെസംബന്ധിച്ച നിയമാനുസൃതമായും ന്യായമായും ഉള്ളവിധത്തിൽ അയാളുടെ കൃത്യനിർവഹണത്തിന് ആവശ്യപ്പെടുമ്പോഴോ അയാളെ സഹായിക്കയും

(ജി) തൽക്കാലം നടപ്പിൽ ഇരിക്കുന്ന വല്ല നിയമത്താലും തന്റെ മേൽ ചുമത്തപ്പെട്ടിരിക്കുന്ന കൃത്യങ്ങൾ നിർവഹിക്കയും;

(എച്ച്) ജംഗമമോ സ്ഥാവരമോ ആയ യാതൊരു സർക്കാർമുതലിനും തന്റെ ദൃഷ്ടിയിൽ, ഒരു ദോഷം ചെയ്യാൻ ശ്രമിക്കുന്നതിനെയോ വല്ല പൊതുവായ അതിരടയാളങ്ങളെയോ വെള്ളംവഴി സഞ്ചാരത്തിനു ഉപയോഗപ്പെടുത്തുന്ന ബോയിയേയോ മററു അടയാളത്തിനെയോ മാററുകയോ അതിനു ഹാനിവരുത്തുകയോ ചെയ്യുന്നതിനെയോ തടുക്കാൻ തന്നാൽ കഴിയുന്നതും ശ്രമിക്കയും,

(ഐ) തെരുവീഥികളിൽ ശക്തിയുള്ള ആളുകളെക്കൊ നിസ്സഹായന്മാരെക്കൊ തനിക്കു ശക്തിയുള്ളിടത്തോളം എല്ലാ സഹായവും നൽകയും അപായകരന്മാരെന്നോ തന്നത്താൻ സൂക്ഷിച്ചുകൊള്ളുന്നതിനു അശക്തന്മാരെന്നോ കാണപ്പെടുന്ന ലഹരി മത്തന്മാരേയും അലഞ്ഞുനടക്കുന്ന ഭ്രാന്തന്മാരേയും സൂക്ഷിക്കുകയും,

(ജെ) പിടിച്ചു വയ്ക്കപ്പെട്ടിരിക്കയോ ബന്തോവസ്സിൽ ഇരിക്കുകയോ ചെയ്യുന്നവല്ല ആളും മുറിവുപററിയിരിക്കയോ ദീനക്കാരനായിരിക്കയോ ചെയ്താൽ അയാൾക്കു വേണ്ട സഹായം നൽകാൻ ഉടനടിയായ ഏർപ്പാടുകൾ ചെയ്യുകയും അങ്ങനെ വല്ല ആളേയും സൂക്ഷിക്കയോ നടത്തിക്കയോ ചെയ്യുമ്പോൾ അയാളുടെ സ്ഥിതിക്കു യോജിച്ച നല്ലപോലെ ഗണിക്കയും;

(കെ) പിടിച്ചുവയ്ക്കപ്പെട്ടിരിക്കുകയോ ബന്തോവസ്സിൽ ഇരിക്കുകയോ ചെയ്യുന്ന എല്ലാ ആളുകൾക്കും മതിയായ ആഹാരത്തിനും പാർപ്പിനും ഏർപ്പാടു ചെയ്യുകയും;

(എൽ) ശോധനകൾ നടത്തുമ്പോൾ ആവശ്യമില്ലാത്ത നിർബ്ബന്ധം കാണിക്കയും വേണ്ടാത്ത ഉപദ്രവം തീർപ്പിക്കയും ചെയ്യാതിരിക്കയും;

(എം) സ്ത്രീകളോടും കുഞ്ഞുങ്ങളോടും പെരുമാറുമ്പോൾ മര്യാദയെ നിഷ്കർഷയായി ഗണിച്ചും ന്യായമായ സൌജന്യത്തോടും പ്രവർത്തിക്കയും,

(എൻ) (i) ജീവനു വല്ല നഷ്ടമോ ചേതമോ ഉണ്ടാകാതെ തടുക്കുന്നതിനും;

(ii) പൊതുജനങ്ങൾക്കു വല്ല യാദൃച്ഛിക സംഭവമോ അപായമോ ഉണ്ടാകാതെ തടുക്കുന്നതിനും തന്നാൽ കഴിയുന്നതു ശ്രമിക്കയും;

(ഒ) തെരുവീഥികളിൽ പോക്കുവരത്തിനെ ക്രമപ്പെടുത്തുകയും രക്ഷിക്കയും, അതിനു പ്രതിബന്ധം ഉണ്ടാകാതെ തടുക്കയും തെരുവീഥികളിലെ അവയ്ക്കു സമീപമോ പൊതുജനങ്ങൾ അറിഞ്ഞു നടക്കുന്നതിലേക്കായി ഈ റെഗുലേഷൻ അനുസരിച്ചോ തൽക്കാലം നടപ്പിൽ ഇരിക്കുന്ന മററു വല്ല നിയമവും അനുസരിച്ചോ ഉണ്ടാക്കിയ വല്ല ചട്ടത്തെയോ കൊടുത്ത ഉത്തരവിനെയോ ലംഘിക്കുന്നതിനെ കഴിയുന്നതു തടുക്കുകയും,

(പി) തെരുവീഥികളിലും പൊതുജനങ്ങൾക്കു കൂടിക്കൂടാവുന്ന സ്ഥലങ്ങളിലും, തലക്കസ്ഥലങ്ങളിലും കടവുകളിലും പൊതുജനങ്ങൾ കൂടുന്ന മററുവല്ല സ്ഥലങ്ങളിലും, പൊതുദേവാലയങ്ങളിലൂടെ സമീപത്തു പൊതു ദേവാലയം നടക്കുന്ന സമയത്തും സമാധാനരക്ഷ ചെയ്യുകയും;

(ക്യൂ) പൊതുസ്ഥലങ്ങൾ കുളിക്കുന്നതിലെ സ്ഥലങ്ങളേയും തലക്കസ്ഥലങ്ങളേയും കടവുകളേയും ഉപയോഗിക്കുന്നതിനെ ക്രമപ്പെടുത്തുകയും, അവിടങ്ങളിലും സർക്കാർ കടത്തുവള്ളങ്ങളിലും ആളുകൾ തിക്കിത്തിരക്കാതെ തടുക്കുകയും, ആ വല്ലസ്ഥലത്തിലെ

അപ്രകാരമുള്ള വല്ല വള്ളത്തിലോ പൊതുജനങ്ങൾ അനുസരിച്ചു നടക്കേണ്ടതിലേക്കു നിയമപ്രകാരം ചെയ്ത വല്ല ഉത്തരവിനെയോ ലംഘിക്കുന്നത കഴിയുന്നത്ര തടുക്കയും;

(ആർ) ഈ റെഗുലേഷൻ അനുസരിച്ചു അതതുകാലം നടപ്പിൽ ഇരിക്കുന്ന ചട്ടങ്ങളാൽ തന്നിൽ ചുമത്തപ്പെട്ട എല്ലാ കൃത്യങ്ങളേയും അതിൻ നിശ്ചയിച്ചിട്ടുള്ള വിധത്തിലും നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കു കീഴ്പെട്ടും നടത്തുകയും

ചെയ്യുന്നതു എല്ലാ പൊലീസ് ഉദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതാകുന്നു.

അഗ്നിബാധ ഉണ്ടാകുമ്പോൾ പൊലീസിന്റെ അധികാരങ്ങൾ.

[illegible]. (൧) ഏതെങ്കിലും പ്രദേശത്തിൽ ഒരു അഗ്നിബാധ ഉണ്ടാകുമ്പോൾ ഒരു ഹെഡ് കാൺസ്റ്റബിളിന്റെ സ്ഥാനവലിപ്പത്തിനു കീഴല്ലാത്ത യാതൊരു പൊലീസ് ഉദ്യോഗസ്ഥനും,

(എ) തീ കെടുത്തുന്നതിലേക്കോ മുതലോ ജീവനോ രക്ഷിക്കുന്നതിലേക്കോ ഉള്ള പ്രവൃത്തികളിൽ തങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു ഇടപെടുകയോ അവയെ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന വല്ല ആളുകളേയും നീക്കുകയോ നീക്കാൻ ആജ്ഞാപിക്കയോ ചെയ്യാവുന്നതും ഏതു തെരുവീഥിയിലോ വഴിയിലോ അതിനു സമീപമോ വല്ല തീയും കത്തിക്കൊണ്ടിരിക്കുന്നുവോ അതിനെ അടയ്ക്കാവുന്നതും;

(ബി) തന്റെ തന്നെയോ തന്റെ വരുതിയിൽ പ്രവർത്തിക്കുന്നവർ മുഖേനയോ, ആ തീ കെടുത്തുന്ന കാര്യത്തിലേക്കായി, കഴിയുന്നതും കരയായോ മറ്റോ വരത്തക്കവിധത്തിൽ വല്ല വെള്ളപ്പൈപ്പുകളും എടുക്കുകയോ അതിന്റെ ബലമായി ഓടകളെയോ പൊളിച്ചിടുകയോ, നീക്കമെടുക്കുകയോ മറ്റു ഉപകരണങ്ങളെ കൊണ്ടുപോകുന്നതിലേക്കായി ഉപയോഗിക്കയോ ചെയ്യാവുന്നതും,

(സി) അഗ്നിബാധ ഉണ്ടായിട്ടുള്ള സ്ഥലത്തിൽ കൂടുതൽ ജലസമൃദ്ധി ഉണ്ടാകുന്നതിലേക്കായി വല്ല ഡിസ്ട്രിക്ടിലേയും വൻപാത്തികളേയോ കുഴലുകളേയും അടപ്പിക്കാവുന്നതും,

(ഡി) വല്ല തീ കെടുത്തുന്ന യന്ത്രത്തിന്റെയും സൂക്ഷിപ്പുകാരനോട് പാട്ടുള്ള സഹായം ചെയ്യുന്നതാൻ ആവശ്യപ്പെടാവുന്നതും,

(ഇ) സാമാന്യമായി, ജീവനും മുതലും രക്ഷിക്കുന്നതിനു ആവശ്യമെന്നു കാണപ്പെടാവുന്ന ഏർപ്പാടുകൾ ചെയ്യാവുന്നതും,

ആകുന്നു.

അഗ്നിബാധ ഉണ്ടാകുന്ന അവസരത്തിൽ, ഫയർബ്രിഗേഡിലെ അംഗങ്ങളാലോ പൊലീസ് ഉദ്യോഗസ്ഥന്മാരാലോ അവരുടെ ആജ്ഞയാലോ ഉണ്ടാവുന്ന, അവരുടെ കൃത്യങ്ങൾ മുറപ്രകാരം നടത്തുന്നതിൽ വല്ല ചേതവും ഉണ്ടായാൽ അതിനെ വല്ല അഗ്നിഭീമയുടെ അർത്ഥത്തിൽപ്പെട്ട അഗ്നിനഷ്ടം എന്നു ഗണിക്കേണ്ടതാകുന്നു. എന്നാൽ വല്ല പൊലീസുദ്യോഗസ്ഥനോ വല്ല അഗ്നിരക്ഷാസൈന്യത്തിലെ (ഫയർബ്രിഗേഡ്) അംഗമോ ന്യായമായ കാരണം കൂടാതെ ചെയ്ത വല്ല പ്രവൃത്തിഹേതുവാലും നഷ്ടത്തിനുള്ള ബാദ്ധ്യതയിൽ നിന്നു ഈ വകുപ്പിലുള്ള യാതൊന്നും അയാളെ ഒഴിവാക്കുന്നതല്ല.

തീ കെടുത്തുന്നതിലേക്കുള്ള സിൽബന്തികൾ മുതലായ ചിലവു മുനിസിപ്പാലിറ്റി വഹിക്കണം.

(൨) സാമാന്യഉപയോഗത്തിനായി നമ്മുടെ ഗവണ്മെന്റിന്റെ ഉത്തരവനുസരിച്ചു പൊലീസുകാർ തീ കെടുത്തുന്നതിലേക്കായി വച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരും ഉപകരണങ്ങളും വകയിൽ ഉള്ള എല്ലാ ചിലവുകളും വല്ല അഗ്നിബാധയും ഉണ്ടാകുമ്പോൾ പൊലീസുകാർ അവരുടെ കൃത്യനിർവഹണത്തിൽ നേരിടുന്ന എല്ലാ ചിലവുകളും, തീ കെടുത്തുന്ന ജോലി വല്ല മുനിസിപ്പാലിറ്റിയിലും ചുമത്തപ്പെട്ടിരുന്നാൽ, അവയുടെ തുക കമ്മീഷണർ സ കല്പിക്കപ്പെടുത്തുമ്പോൾ, ആ മുനിസിപ്പാലിറ്റിയുടെ മുനിസിപ്പൽ മുതലിൽ നിന്നു കൊടുക്കേണ്ടതാകുന്നു.

എന്നാൽ അപ്രകാരമുള്ള ജീവനക്കാരേയും ഉപകരണങ്ങളും വച്ചിട്ടുള്ള യാതൊരു മുനിസിപ്പാലിറ്റിയിൽ നിന്നും ജീവനക്കാർക്കും ഉപകരണങ്ങൾക്കുമുള്ള ചിലവു ആവശ്യപ്പെട്ടുകൂടാത്തതാകുന്നു.

മോഷ്ടിച്ചതായി സംശയിക്കപ്പെടുന്ന വസ്തുവിനെപ്പറ്റി നടപടി നടത്താൻ അധികാരം.

[illegible]. ഒരു തെരുവീഥിയിലോ പൊതുജനങ്ങൾ ഉള്ള സ്ഥലത്തോ, മോഷ്ടിച്ചതായ വസ്തു എന്ന ഒരു പൊലീസ് ഉദ്യോഗസ്ഥൻ ഉത്തമവിശ്വാസമായി സംശയിക്കുന്ന വല്ല സാധനവും വാഹനമോ വള്ളമോ വല്ല ആളുടെ കൈവശത്തിൽ ഇരിക്കവേ, ആ പൊലീസ് ഉദ്യോഗസ്ഥൻ അതിലേക്ക് ശോധന നടത്താവുന്നതും അതിനെ പരിശോധിക്കാവുന്നതും അതു എങ്ങനെ കൈവശം വന്നു എന്ന സമാധാനം പറവാൻ ആവശ്യപ്പെടാവുന്നതും, അതിന്റെ കൈവശക്കാരൻ പറയുന്ന സമാധാനം പ്രത്യക്ഷത്തിൽ തെറ്റായോ സംശയിക്കത്തക്കതോ ആയാൽ, ആ സാധനത്തെ പിടിച്ചുവച്ചു വിവരത്തിനു ഒരു മജിസ്ട്രേട്ടിനോടു റിപ്പോർട്ട് ചെയ്യാവുന്നതും ആകുന്നു.

[illegible] ക്രൂരതപ്പെട്ട തൊഴിലിനെപ്പറ്റി നടപടി നടത്താൻ അധികാരം.

[illegible]. നാൽക്കാലികളോടു ക്രൂരമായി [illegible] എല്ലാ [illegible] പൊലീസ് ഉദ്യോഗസ്ഥനും [illegible] അതിന്റെ ഒരു [illegible] ഒരു മജിസ്ട്രേട്ടിനു [illegible] ചെയ്യുന്നതു അവരുടെ കൃത്യമായിരിക്കും

ക്രിമിനൽ നടപടി നിയമത്തിലെ [illegible] [illegible] വകുപ്പുകളിലെ വ്യവസ്ഥകൾ സംബന്ധിച്ച്.

[illegible] [illegible] [illegible] റെഗുലേഷനായ ക്രിമിനൽ നടപടി നിയമത്തിലെ [illegible], [illegible], [illegible] ഈ വകുപ്പുകളിലെ വ്യവസ്ഥകൾ, പോലീസുകാർ പിടിച്ചുകൊണ്ടുവന്നിട്ടുള്ള [illegible] ആയ എല്ലാ [illegible] സംബന്ധിക്കുന്നതാകുന്നു.

ഒരു ഉദ്യോഗസ്ഥൻ പോലീസ് ഉദ്യോഗസ്ഥന്റെ കീഴിലുള്ളവരാൽ ചെയ്യപ്പെട്ട കൃത്യങ്ങൾ താനും ചെയ്യാവുന്നതാകുന്നു.

[illegible] ഒരു [illegible] സ്ഥാനവലിപ്പത്തിൽ കീഴില്ലാത്ത സ്ഥാനവലിപ്പം ഉള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്റെ കീഴിലുള്ള വല്ല ഉദ്യോഗസ്ഥനും നിയമപ്രകാരമോ നിയമാനുസൃതമായ [illegible] നിശ്ചയിക്കപ്പെട്ടിട്ടുള്ള വല്ല കൃത്യവും ചെയ്യാവുന്നതും [illegible] കീഴ്ജീവനക്കാരാൽ വല്ല കൃത്യവും ചുമത്തപ്പെട്ടിട്ടുണ്ടെങ്കിൽ, [illegible] അധികം പൂർണ്ണമായോ [illegible] ആയ ഫലം നൽകുന്നതിലേക്കോ [illegible] ആവശ്യം എന്നോ [illegible] ഉചിതം എന്നോ കാണുമ്പോൾ എല്ലാം ആ കീഴ്ജീവനക്കാരന്റെ വല്ല പ്രവൃത്തിയേയും തന്റെ സ്വന്ത പ്രവൃത്തിയാലൊ തന്റെ ആജ്ഞയിൻകീഴിലോ അധികാരത്തിൻ കീഴിലോ നിയമാനുസാരം [illegible] വല്ല ആളിന്റെയും പ്രവൃത്തിയാലൊ സഹായിക്കയൊ പൂർത്തീകരിക്കയൊ പൂർവപ്പെടുത്തുകയൊ തടുക്കുകയോ ചെയ്യുന്നതു ആവശ്യമെന്നു തനിക്കു തോന്നുമ്പോൾ, അപ്രകാരം ചെയ്യാവുന്നതും ആകുന്നു.

പോലീസ് ആഫീസർ കുറ്റാരോപണം ചെയ്യു [illegible].

[illegible] ഒരു മജിസ്ത്രേട്ട് മുമ്പാകെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ വല്ല കുറ്റവും ആരോപിക്കയും ഒരു കുറ്റം നടത്തുന്ന യാതൊരാളുടേയും മേൽ നിയമപ്രകാരം പുറപ്പെടാവുന്ന ഒരു സമൻസിനോ വാറണ്ടിനോ ശോധന വാറണ്ടിനോ മറവല്ല നിയമാനുസാര നടപടിക്കോ അപേക്ഷിക്കയും ചെയ്യുന്നതു നിയമാനുസൃതമായിരിക്കും.

പോലീസിന്റെ ന്യായമായ ആജ്ഞകളെ ആളുകൾ അനുസരിച്ചു നടക്കാൻ നിർബന്ധരായിരിക്കുന്നു.

[illegible] (എ) [illegible] വകുപ്പുകളിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളിൽ വല്ലതും നിറവേറുന്നതിലൊ ഈ റെഗുലേഷൻപ്രകാരം അയാളിൽ സ്ഥാപിതമായ അധികാരങ്ങൾ അനുസരിച്ചോ കൊടുക്കപ്പെടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ന്യായമായ ആജ്ഞകൾ അനുസരിച്ചു നടക്കാൻ എല്ലാ ആളുകളും നിർബന്ധരാകുന്നു.

(ബി) മേല്പറഞ്ഞ വല്ല ആജ്ഞയേയും അനുസരിക്കാൻ വിരോധിക്കയൊ നിഷേധിക്കയൊ വിഘ്നപ്പെടുത്തുകയൊ ചെയ്യുന്ന വല്ല ആളേയും ഒരു പോലീസ് ഉദ്യോഗസ്ഥൻ നിയന്ത്രിക്കയൊ നീക്കുകയൊ ചെയ്യാം.

[illegible]-ാം അദ്ധ്യായം.

കുറ്റങ്ങളും ശിക്ഷകളും.

പോലീസ് ആഫീസറായിരിക്കുന്ന അവസ്ഥ നിന്നുപോകുന്നവർ സർട്ടിഫിക്കെറ്റും ആയുധങ്ങളും മറ്റും ഏല്പിക്കണം.

[illegible] (എ) പോലീസ് സൈന്യത്തിലെ എല്ലാ അംഗവും അതിൽ ചേർന്നിരിക്കുന്നതായ അവസ്ഥ നിന്നുപോകുമ്പോൾ, അയാളുടെ സർട്ടിഫിക്കെറ്റും എല്ലാ ഉടുപ്പും ഉപകരണങ്ങളും അയാളുടെ ജോലി നടത്തുന്നതിലേക്കായി അയാളെ ഏല്പിച്ചിട്ടുള്ള മറ്റു സാമാനങ്ങളും കമ്മിഷണരേയോ കമ്മിഷണർ ആജ്ഞാപിക്കുന്ന ആളിനേയോ കമ്മിഷണർ ആജ്ഞാപിക്കുന്ന സ്ഥലത്തും സമയത്തിലും ഉടനടി ഏല്പിക്കേണ്ടതും അങ്ങനെ ചെയ്യാതെയിരുന്നാൽ ഇരുനൂറു രൂപാവരെ ആകാവുന്ന പിഴയോ ആറു മാസത്തോളം [illegible] ആകാവുന്ന കാലത്തേക്കു [illegible] വിധത്തിലുള്ള തടവുശിക്ഷയോ അല്ലെങ്കിൽ രണ്ടിനും കൂടിയോ [illegible] [illegible] ആകുന്നു.

(ബി) (എ) [illegible] ഉപവകുപ്പിനാൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ മടക്കി ഏല്പിച്ചിട്ടില്ലാത്ത വല്ല സർട്ടിഫിക്കെട്ടോ ആയുധങ്ങളൊ ഉടുപ്പുസാമാനങ്ങളൊ ഉടുപ്പൊ മറ്റു ആവശ്യമുള്ള സാമാനങ്ങളൊ അവ എവിടെ കാണപ്പെട്ടാലും അവയ്ക്കുവേണ്ടി ശോധന ചെയ്യുന്നതിനും അവയെ പിടിച്ചെടുക്കുന്നതിനും ഒരു വാറണ്ടു പൊലിസ് കമ്മിഷണരൊ വല്ല മജിസ്ത്രേട്ടോ [illegible] നിയമാനുസരണമായിരിക്കുന്നതാകുന്നു. അപ്രകാരം ആകുന്ന [illegible] വാറണ്ടിന്മേൽ [illegible]-ാം ആണ്ടത്തെ [illegible]-ാം റെഗുലേഷനായ ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചോ കമ്മിഷണരോ മജിസ്ത്രേട്ടോ അപ്രകാരം ആജ്ഞാപിക്കുന്നയാളോ മറവല്ല ആളിനാലോ നടത്തപ്പെടാകുന്നു.

(സി) ഈ വകുപ്പിലുള്ള യാതൊന്നും ഏതു സാമാനം ഒരാൾക്കു കൊടുത്തിരിക്കെ പോലീസ് കമ്മിഷണരുടെ [illegible] അനുസരിച്ചു അതു അയാളുടെ സ്വന്തമായി തീർന്നിരിക്കുന്നുവോ ആ സാമാനത്തിനു സംബന്ധിക്കുന്നതല്ല.

നിയമവിരോധമായി പൊലീസ് ജോലികൾ സ്വയം വഹിക്കയും പൊലീസുകാരനാണെന്നു ഭാവമായിട്ടു [illegible] മറ്റും ചെയ്യൽ.

[illegible] ഈ റെഗുലേഷൻ നടപ്പാകുന്ന തീയതി മുതലും പിന്നീടും, ക്രമപ്രകാരം [illegible] ചേർക്കപ്പെട്ട ഒരു പൊലീസാഫിസർ അല്ലാതിരിക്കയോ [illegible] ഉള്ള അവസ്ഥ നിന്നുപോയിരിക്കയോ ചെയ്യുന്ന ഒരാൾ,

(ഗ) പൊലിസിലേക്കു ചേർന്നതോ വല്ല കൃത്യമോ അധികാരമോ നിയമവിരുദ്ധമായി സ്വയം പ്രയോഗിക്കയാകട്ടെ അല്ലെങ്കിൽ,

(ഡ) പൊലിസ് സൈന്യത്താൽ മാത്രം ധരിക്കപ്പെടുന്നതിനു അനുവദിക്കപ്പെട്ടിട്ടുള്ള വല്ല പ്രത്യേക തരത്തിലുള്ള ഉടയോ ചിഹ്നമോ തന്റെ കൈവശം ഉണ്ടായിരിക്കയും അതിന്റെ കൈവശത്തിനു തൃപ്തികരമായ സമാധാനം പറയുന്നതിനു അവനു കഴിവില്ലാതിരിക്കയും ചെയ്യുകയാകട്ടെ അല്ലെങ്കിൽ,

(ണ) വല്ല പൊലീസ് ഉദ്യോഗസ്ഥന്റെയും ഉടുപ്പിനെയോ അതിനു പകരം എടുക്കാവുന്നതിനെയോ ഉദ്ദേശിക്കപ്പെടുന്ന വല്ല ഉടുപ്പിനെയോ ധരിക്കയാകട്ടെ അല്ലെങ്കിൽ,

(ത) വല്ല കാര്യത്തിലേക്കായി വല്ല പൊലീസ് ഉദ്യോഗസ്ഥനാണെന്നു മററു വിധത്തിൽ ആൾമാറാട്ടമായി നടക്കയോ വല്ല പൊലീസ് ഉദ്യോഗസ്ഥന്റെയും പ്രവൃത്തി നടത്തുകയോ ആകട്ടെ,

ചെയ്യുന്നയാൾ ഇപ്രകാരം ധരിച്ച വേഷത്തിൻപടി നടത്തിട്ടുള്ള വല്ല കുററത്തിനും അയാൾ പാത്രമായി ഭവിച്ചിരിക്കാവുന്ന മററു വല്ല ശിക്ഷയ്ക്കും പുറമെ, ഇരുനൂറു രൂപയിൽ കവിയാത്ത പിഴയോ ആറു മാസത്തോളം വരാവുന്ന രണ്ടിലൊന്നിലും വിധത്തിലുള്ള തടവിനോ രണ്ടിനും കൂടിയോ പാത്രമാകുന്നതാകുന്നു.

ജോലിയിൽ ഉപേക്ഷ മുതലായതിനു ശിക്ഷ.

൨൯. (എ) ൪൯-ാം വകുപ്പിലെ വല്ല വ്യവസ്ഥകളും വിരുദ്ധമായി നടക്കുകയോ

(ബി) ഭീരുത കാണിച്ചു പരാജയിരിക്കുകയോ,

(സി) ൪൮-ാം വകുപ്പിനു വിരുദ്ധമായി ഉദ്യോഗം രാജി കൊടുക്കയോ അതിലെ ജോലിയിൽ നിന്നും സ്വയം പിരിയുകയോ,

(ഡി) ഒരു പൊലീസ് ആഫീസരുടെ നിലയിൽ താൻ അനുസരിക്കേണ്ടതായോ അനുവർത്തിക്കേണ്ടതായോ ഉള്ള വല്ല നിയമവ്യവസ്ഥയെയോ വല്ല ചട്ടത്തെയോ ഉത്തരവിനെയോ മനഃപൂർവ്വം ലംഘിക്കയോ ഉപേക്ഷ കാണിക്കയോ;

(ഇ) നടപ്പിൽ ഇരിക്കുന്ന മററു വല്ല നിയമത്താലും യാതൊരു ശിക്ഷയും വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വല്ല കൃത്യലംഘനവും ചെയ്കയോ, ചെയ്യുന്നതായാൽ അയാളെ,

മൂന്നുമാസത്തോളം വരാവുന്ന രണ്ടിലേതെങ്കിലും വിധത്തിലുള്ള തടവു ശിക്ഷയോ നൂറു രൂപയോളം വരാവുന്ന പിഴയോ രണ്ടുംകൂടിയുള്ള ശിക്ഷയോ കൊണ്ടു ശിക്ഷിക്കേണ്ടതാകുന്നു.

പൊലിസ് ആഫീസർമാർ ഉപദ്രവകരമായ വിധത്തിൽ പ്രവേശിക്കയും ശോധന നടത്തുകയും പിടിക്കയും മററും ചെയ്യുക.

൩൦. വല്ല പൊലീസ് ആഫീസരും,

(എ) നിയമാനുസരണമായ അധികാരം കൂടാതെയോ ന്യായമായ കാരണംകൂടാതെയോ വല്ല കെട്ടിടത്തിലോ ഉരുവിലോ കൂടാരത്തിലോ സ്ഥലത്തോ പ്രവേശിക്കയാകട്ടെ പരിശോധിക്കയാകട്ടെ അല്ലെങ്കിൽ അതിൽ പ്രവേശിപ്പിക്കയാകട്ടെ പരിശോധിപ്പിക്കയാകട്ടെ ചെയ്യുകയോ,

(ബി) ഉപദ്രവകരമായും അനാവശ്യമായും വല്ലവന്റെയും മുതലിനെ പിടിച്ചെടുക്കയോ,

(സി) ഉപദ്രവകരമായും അനാവശ്യമായും വല്ലയാളെയും തടഞ്ഞു വയ്ക്കയോ പരിശോധിക്കയോ പിടിക്കയോ,

(ഡി) പിടിച്ച വല്ല ആളിനെയും വല്ല മജിസ്ട്രേട്ടിന്റെ അടുക്കലോ മററു അധികാരസ്ഥന്റെ അടുക്കൽ അയാളെ നിയമപ്രകാരം അയക്കേണ്ടതോ അയാളുടെ സംഗതിയിൽ അയക്കുന്നതിൽ ഉപദ്രവകരമായും അനാവശ്യമായും താമസിപ്പിക്കയോ,

(ഇ) തന്റെ ബന്തോവസ്സിൽ ഇരിക്കുന്ന വല്ലയാൾക്കും വല്ല അനാവശ്യമായ ഉപദ്രവം ഏല്പിക്കുകയോ,

(എഫ്) നിയമത്താൽ അനുവദിക്കപ്പെടാത്ത വിധത്തിൽ വല്ല പ്രതിജ്ഞ വല്ല ഭീഷണിപ്പെടുത്തലോ വല്ല വാഗ്ദാനമോ ചെയ്യുകയോ,

(ജി) ദോഷവിചാരത്തോടുകൂടിയും സംഭാവ്യമായ കാരണം കൂടാതെയും വല്ലവർക്കും വേണ്ടി കള്ളമായോ ഉപദ്രവകരമായോ നിസ്സാരമായോ കുററം ആരോപിച്ചു വല്ലവരേയും അപ്രകാരമുള്ള അറിവു കൊടുക്കയോ,

(എച്ച്) അറിഞ്ഞുകൊണ്ടും മനഃപൂർവമായും ദോഷവിചാരത്തോടുകൂടിയും തന്റെ അധികാരത്തെ കവിഞ്ഞു നടക്കയോ,

ചെയ്യുന്ന പക്ഷത്തിലെല്ലാം അങ്ങനെയുള്ള ഓരോ കുററത്തിനും ആറുമാസത്തോളം വരാവുന്ന തടവിനോ രണ്ടിലേതെങ്കിലും വിധത്തിലുള്ള തടവുകൊണ്ടോ അഞ്ഞൂറു രൂപയോളം വരാവുന്ന പിഴകൊണ്ടോ അല്ലെങ്കിൽ രണ്ടും കൂടിയ ശിക്ഷകൊണ്ടോ ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

